★ ആത്മദാഹം ★



248.5
TEY

തെയ്യോരച്ചൻ. സി. എം. ഐ.

ആത്മദാഹം

(പ്രൈവറ്റ് നോട്ടുകൾ)

ACHARYA PALACKAL JEEVASS KE
LIBRARY
12586

By

തെയ്യോരച്ചൻ. സി. എം ഐ.

DHARMARAM COLLEGE
LIBRARY
BANGALORE-29

Cum permissu Superiorum

Printed at Orphanage Press, Kodakara.

E. Ludovic c. m.i.

M/248.5
TEY

ഉള്ളടക്കം

1 ദൈവ ജനത്തിന്റെ വിശ്വാസം

2 ദിവ്യനാദത്തിലേയ്ക്ക്

3 ആര് ചൊഗാനത്തിനാം

4 നേർവഴി

ആശംസകൾ

''ആത്മദാഹം'' അച്ചടിപ്പിക്കുന്നതിൽ എനിക്കു വലിയ സന്തോഷമുണ്ട്. എന്നാൽകഴിയുന്ന പ്രോത്സാഹനം നല്കാൻ ഞാൻ സന്നദ്ധനാണ്. ടൈറോസ്തീക്കായുള്ള അച്ചന്റെ പ്രയത്നങ്ങൾക്കു് സകല വിജയങ്ങളും ഞാനാശംസിക്കുന്നു''

തെയഭാർദ്ധച്ചൻ, സി. എം. ഐ.
(പ്രൊവിൻഷ്യാൾ)

"ആത്മദാഹം" ദൈവമഹത്ത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉപകാരപ്രദമാവട്ടെയെന്നു് ആശംസിക്കയും അപേക്ഷിക്കയും ചെയ്യുന്നു ഞാനയച്ച സഹായം അങ്ങേക്കു് കിട്ടിയല്ലൊ''.

ഔഗസ്തച്ചൻ, സി. എം. ഐ.
(പ്രൊവിൻഷ്യാൾ)

"അച്ചൻ പ്രൈവറായി നോട്ടായി പ്രസിദ്ധീകരിക്കുന്നആത്മദാഹം വായനക്കാർക്കു് ആദ്ധ്യാത്മികമായി വളരെഉപകാരപ്പെടുമെന്നു് പ്രതീക്ഷിക്കുന്നു. അച്ചന്റെ പരിശ്രമം ധാരാളം ഫലം പുറപ്പെടുത്തട്ടെ എന്നു് പ്രാർത്ഥിക്കുന്നു".

സംപ്രസണച്ചൻ, സി എം ഐ.
(പ്രൊവിൻഷ്യാൾ)

എന്റെ പ്രോത്സാഹകരും സ്നേഹിതന്മാരുമായ വന്ദ്യപിതാക്കന്മാരുടെയും സഹോദര വൈദികരുടെയും മറ്റും ആശംസകൾക്കും എന്റെ കൃപ്പുകൈ.

തെയദോരച്ചൻ സി. എം ഐ.
(ഗ്രന്ഥകർത്താവു്)

Fr. Ludovic C.M.I.

ഭാഗം 1

വിഷയപ്രവേശം

1968ജൂൺ 30-ാംനു-, നമ്മുടെ വത്സല പിതാവായി, കത്തോലിക്കാ സഭയെ നയിച്ചുകൊണ്ടിരിക്കുന്ന 6-ാം പോപ്പ് മാപ്പ്പ്പാ, "വിശ്വാസത്തിന്റെ ജൂബിലി വർഷം" അവസാനിപ്പിച്ചുകൊണ്ട്, "ദൈവജനത്തിന്റെവിശ്വാസം" എന്ന ശീർഷകത്തിൽ, തന്റെ സുദൃഢമായ വിശ്വാസസാക്ഷീകരണം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ സാക്ഷ്യം വഴി പരിശുദ്ധ പിതാവ് വിശ്വാസം പ്രചരിപ്പിക്കാനുള്ള തന്റെ സ്ഥിരനിശ്ചയം വെളിവാക്കി. സഭാസന്താനങ്ങളെല്ലാവരും പ്രസ്തുത രേഖ ഹൃദിസ്ഥമാക്കുകയും അതിന്റെ സഹായത്താൽ വിശ്വാസത്തിൽ വളരുകയും അതിനെ സാക്ഷീകരിക്കയും ചെയ്യുവാൻ പരിശുദ്ധപിതാവ് പൈതൃകമായി ഉൽബോധിപ്പിക്കുന്നു.

ദൈവജനത്തിന്റെ വിശ്വാസം

ഏകനായ ദൈവത്തിൽ ഞങ്ങളും വിശ്വസിക്കുന്നു.

ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവമാകുന്നു.

അവിടുന്ന്, കണ്ണുകൊണ്ടു ദൃശ്യവും, കടന്നു പോകുന്ന ചരാചരങ്ങൾക്കുള്ള വസതിയുമായ പ്രപഞ്ചത്തിന്റെ സ്രഷ്ടാവാകുന്നു.

ദൈവം, അദൃശ്യരും അശുചികളുമായ മാലാഖമാരെ സൃഷ്ടിച്ചു.

അവിടുന്നു് ആത്മശരീരങ്ങളോടു കൂടിയ മനുഷ്യനെ സൃഷ്ടിച്ചു.

ദൈവം ഓരോ മനുഷ്യനേയും, മാതാവിന്റെ ഉദരത്തിൽ ഉത്ഭവിക്കുന്ന സമയത്തു്, അവിടുന്നു് അവനു് അമർത്ത്യവും അരൂപിയുമായ ആത്മാവിനെ സൃഷ്ടിച്ചു്, അവന്റെ ശരീരത്തോടൊന്നിപ്പിക്കയാണു് ചെയ്യുന്നതു്.

ഏകനാകുന്ന ദൈവം

അളവറ്റ പരിശുദ്ധിയായ ദൈവം തന്റെ സത്തയിലും പൂർണ്ണതയിലും സർവ്വശക്തിയിലും അതിരറ്റ ജ്ഞാനത്തിലും, സൃഷ്ടങ്ങളെ നയിക്കയും പരിപാലിക്കയും ചെയ്യുന്നതിലും സ്വാതന്ത്ര്യത്തിലും സ്നേഹത്തിലും ഏകനാകുന്നു എന്നു് ഞങ്ങൾ വിശ്വസിക്കുന്നു.

വിശുദ്ധഗ്രന്ഥത്തിൽ നാം വായിക്കുന്നതുപോലെ ദൈവം, തന്നെത്തന്നെ മോസസ്സിനു, "ആയിരിക്കുന്നവനാകുന്നു ഞാൻ" എന്നു്വെളിപ്പെടുത്തി. ദൈവം സ്നേഹമാകുന്നുവെന്നു് പരിശുദ്ധാത്മാവു്, വിശുദ്ധയോഹന്നാൻ വഴി വെളിപ്പെടുത്തി. ദൈവത്തിന്റെ അസ്തിത്വവും സ്നേഹവും ഓരോ ദിവ്യസത്തയാകുന്നു. അവിടുന്നു് മനുഷ്യബുദ്ധിക്കു് പ്രവേശിക്കാൻ കഴിയാത്ത പ്രകാശമാണെങ്കിലും, മനുഷ്യനെ തന്നെത്തന്നെ വെളിപ്പെടുത്താൻ തിരുവുള്ളമായി. അവിടുത്തെപ്പറ്റി സംസാരിക്കാൻ മനുഷ്യനു് വാക്കുകളില്ല, തക്കസാദൃശ്യങ്ങളില്ല. മനുഷ്യബുദ്ധിക്കതീതനാണു്,ഏകതയിൽ പരിപൂർണ്ണനായ അവിടുന്നു്.

ഏകദൈവത്തെപ്പറ്റി തക്കവിധത്തിലും പൂർണ്ണമായും പഠിപ്പിക്കാൻ അവിടത്തേയ്ക്കുമാത്രമെ കഴിയൂ. അവിടുന്നു് തന്നെത്തന്നെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവമായി വെളിപ്പെടുത്തി. അങ്ങയുടെ കൃപാവരത്താൽ അങ്ങിൽ വിശ്വസിച്ചു് അങ്ങയുടെ നിത്യജീവനിൽ പങ്കുകാരാവാൻഅവിടുന്നു് മനുഷ്യനെ ക്ഷണിച്ചിരിക്കുന്നു. ലോകത്തിൽ വച്ചു് വിശ്വാസത്തിന്റെ ഇരുളിലും മരണശേഷം മഹത്വത്തിന്റെ പ്രകാശത്തിലും ത്രീയേക ദൈവത്തെ അനുഭവിച്ചു് ഭാഗ്യപ്പെടാൻ മനുഷ്യനു്ദൈവം കഴിവു നല്കി.

ദൈവത്തിലെ മൂന്നാളുകളെ, ഏകദൈവമാക്കുന്ന നിത്യബന്ധത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ഓരോ ദിവ്യആളും പൂർണ്ണദിവ്യസത്തയാകുന്നു; പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു് വാഴ്ത്തപ്പെടുന്ന ഏകദൈവമാകുന്നു. ഒരു ദിവ്യജീവൻ മാത്രമെ മൂന്നാളുകൾക്കു കൂടിയുള്ളൂ. ഈ സത്യം മാനുഷിക യുക്തിക്കതീതമത്രെ. പരിശുദ്ധതമത്രീത്വത്തിന്റെരഹസ്യം ഗ്രഹിക്കാൻ മനുഷ്യൻ അപ്രാപ്തനെങ്കിലും അനേകവിശ്വാസികൾ താഴ്മയോടെ മൂന്നാളുകളായ ഏകദൈവത്തെ പരസ്യമായി ഞങ്ങളോട്ടു കൂടി സ്തുതിക്കുന്നതു കണ്ടു്, ഞങ്ങൾ ആനന്ദപൂർവ്വം ദൈവത്തിനു് കൃതജ്ഞത സമർപ്പിക്കുന്നു. ദൈവത്തിന്റെ അതിരറ്റ നന്മയാണു്, ത്രീത്വത്തിന്റെ രഹസ്യം വിശ്വസിച്ചു് അങ്ങയിൽ ആനന്ദം കൊള്ളുവാൻ മനുഷ്യനു് കഴിവു നല്കിയതു്.

ഏകദൈവത്തിലെ ത്രിത്വം

പുത്രനെ നിത്യതയിൽ ജനിപ്പിക്കുന്ന പിതാവിലും നിത്യം ജനിപ്പിക്കപ്പെടുന്ന വചനമായ പുത്രനിലും പിതാവിൽ നിന്നും പുത്രനിൽ നിന്നും നിത്യം പുറപ്പെടുന്ന വനും അസൃഷ്ടനുമായ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ സമത്വവും നിത്യത്വവുമുള്ള മൂന്നു ദിവ്യ ആളുകളിൽ ഏകദൈവത്തിന്റെ പൂർണ്ണതയും ജീവനും ആനന്ദവുംനിറഞ്ഞു നില്ക്കുന്നു, അസൃഷ്ടനായ ദൈവത്തിന്റെ മഹത്വം മുറിനില്ക്കുന്നു.

ദൈവ പുത്രൻ

നമ്മുടെ കർത്താവീശോമിശിഹായിലും ഞങ്ങൾ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു ദൈവപുത്രനാകുന്നു. കാലത്തിനുമുമ്പ് അവിടുന്നു നിത്യത്വത്തിൽ പിതാവായ ദൈവത്തിന്റെ ഏകപുത്രനാകുന്നു, പിതാവിനു് സമനാകുന്നു. ദൈവത്തിന്റെ വചനമാകുന്നു; അവിടുന്നു വഴിയാണു് പിതാവു് സകലവും സൃഷ്ടിച്ചതു്. ദൈവപുത്രൻ പരിശുദ്ധാത്മാവിയാൽ കന്യാമറിയത്തിൽ ഉത്ഭവിച്ചു് അവളിൽ നിന്നു പിറന്നു. അങ്ങനെ ദിവ്യത്വത്തിൽപിതാവിനു് സമനായ അവിടുന്നു് മനുഷ്യത്വത്തിൽ പിതാവിനു് കീഴ്മായി. മനുഷ്യനായി പിറന്ന ദൈവപുത്രന്റെ പേരു് ഈശോ എന്നാകുന്നു. ഈശോ ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുള്ള രണ്ടാമത്തെ ദൈവആളാകുന്നു.

ഈശോ തന്റെ മനുഷ്യത്വത്തിൽ ദൈവപ്രസാദം നിറഞ്ഞവനായി, നമ്മുടെ ഇടയിൽ ജീവിച്ച എന്നു ഞ

ങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു് തന്റെ ഭൌമിക ജീവിതകാലത്തു് ദൈവരാജ്യത്തിന്റെ സ്ഥാപനം വിളംബരം ചെയ്തുയും, അതു സ്ഥാപിക്കയും ചെയ്തു. ഈശോ തന്നിൽ ദൈവപിതാവിനെ വെളിപ്പെടുത്തി. അവിടുന്നു നമ്മെ സ്നേഹിച്ചതുപോലെ നാം അന്യോന്യം സ്നേഹിക്കണമെന്നൊരു പുതിയ പ്രമാണം അവിടുന്നു നല്കി. സ്വർഗ്ഗത്തിലേയ്ക്കുള്ള നേരായമാർഗ്ഗം അവിടുന്നു തെളിയിച്ചു. ഈ മാർഗ്ഗത്തിപ്പോറി അവിടുന്നു ഇപ്രകാരം പ്രസംഗിച്ചു. ആത്മാവിൽ ദരിദ്രരും, ശാന്തരും നീതിയെ ദാഹിക്കയും വിശക്കുകയും ചെയ്യുന്നവരും സമാധാനശീലരും ‘ചിത്തശുദ്ധിയുള്ളവരും സമാധാനംപുലർത്തുന്നവരും, നീതിയ്ക്കായി സഹിക്കുന്നവരും ഭാഗ്യവാന്മാർ. ഈശോ പാപികളുടെ രക്ഷയ്ക്കായി നിന്ദകളും പീഡകളും സഹിക്കയും പന്തിയോസു് പീലാത്തോസിന്റെ കാലത്തു് കുരിശിന്മേൽ തറയ്ക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാടായി മരിക്കയും ചെയ്തു. രക്ഷാകരമായ പരിശുദ്ധ രക്തത്താൽ ഈശോ നമ്മെയെല്ലാവരേയും രക്ഷിച്ചു എന്നു് ഞങ്ങൾ വിശ്വസിക്കുന്നു.

അവിടുത്തെ മൃതദേഹം കല്ലറയിൽ അടയ്ക്കപ്പെട്ടു് മൂന്നാം നാൾ സ്വയം ഉയിർത്തെഴുന്നേറ്റു. തന്റെ ഉയിർപ്പു വഴി ഈശോ നമ്മെ തന്റെ ദിവ്യജീവനിൽ പങ്കുകാരാക്കി. നമുക്കു് ലഭിച്ച ഈ ദിവ്യ ജീവൻ ദൈവവരപ്രസാദജീവൻ എന്നു് വിളിക്കപ്പെടുന്നു. ഈശോ സ്വർഗ്ഗാരോഹണം ചെയ്തു് പിതാവിന്റെ വലത്തു ഭാഗത്തു് നമ്മുടെ ഏക മദ്ധ്യസ്ഥനായി വാഴുന്നു. ലോകാവസാനത്തിൽ മനുഷ്യരുടെ മേൽ പരസ്യവിധിയുച്ചരിക്കാനായി അവിടുന്നു് മഹത്വത്തോടെ എഴുന്നള്ളിവരും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിച്ചവർക്കു് നിത്യജീവൻ നല്കപ്പെടും. ദിവ്യദാനങ്ങളെ നിഷ്ഫലമാക്കിയവർ നിത്യനരകാഗ്നിയിലേയ്ക്കു തള്ളപ്പെടും.

പരിശുദ്ധാത്മാവ്

ത്രിയേക ദൈവത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിയിലും ഞങ്ങൾ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവ് പരമ കർത്താവും ജീവദായകനുമാകുന്നു. അവൻ പിതാവിനോടും പുത്രനോടും കൂടി ആരാധിക്കപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്യുന്നു. പ്രവാചകന്മാർ വഴി അവൻ നമ്മോട് സംസാരിച്ചു. ഈശോ തന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പരിശുദ്ധാത്മാവിയെ കത്തോലിക്കാ സഭയിലേയ്ക്കയച്ചു. പരിശുദ്ധാത്മാവ് സഭയെ സജീവമാക്കുകയും കാക്കുകയും നയിക്കുകയും ചെയ്യുന്നു. ദൈവപ്രസാദജീവൻ നഷ്ടപ്പെടുത്തിയവരെ രക്ഷിക്കുന്നതും പരിശുദ്ധാത്മാവിയാണ്".

ആത്മാവിന്റെ ഉള്ളറകളെയും പരിശോധിക്കുന്ന പരിശുദ്ധാത്മാവ്, ആത്മാവ് ദൈവത്തിന്റെ ക്ഷണങ്ങൾ കേട്ട് പ്രവർത്തിയ്ക്കാൻ അവനെ സഹായിക്കുന്നു: തന്മൂലം, "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ" എന്ന ഈശോയുടെ കല്പന നിവൃഹിക്കാൻ ആത്മാവിനു കഴിയുന്നു.

എന്നും കന്യകയായ മേരിമാതാ

മനുഷ്യാവതാരം ചെയ്ത ദൈവവചനവും, നമ്മുടെ കർത്താവും ദൈവവും രക്ഷനുമായ ഈശോയുടെ മാതാവ് എപ്പോഴും കന്യകയായിരുന്നുഎന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ദൈവം അവളെ തന്റെ പുത്രന്റെ കന്യാമാതാവാകാൻ തിരിഞ്ഞെടുത്തതിനാൽ പുത്രന്റെ യോഗ്യതയാൽ അവൾ ഉത്ഭവപാപംപോലുംതീണ്ടാതെ കാക്കപ്പെ

ടുകയും മറെറല്ലാ സൃഷ്ടികളെയുംകാളധികമായി ദൈവ പ്രസാദാലംകൃതയാക്കപ്പെടുകയും ചെയ്തു.

ഈശോമിശിഹായുടെ മനുഷ്യാവതാരത്തിൽ പരി ശുദ്ധ കന്യക വഹിച്ച പങ്കുനിമിത്തം അവർക്ക് മാനവ പരിത്രാണത്തിലും സമുന്നതഭാഗം നല്കപ്പെട്ടു. അവർ മ നുഷ്യമക്കളുടെ സഹരക്ഷകയാക്കപ്പെട്ടു. അവർ തൻെറ ഭൌമികജീവിതാന്ത്യത്തിൽശരീരത്തോടുകൂടിസ്വർഗ്ഗാരോ പിതയായി. അങ്ങനെ സ്വർഗ്ഗാരോഹണം ചെയ്ത ഈ ശോയോടു് അവർ അനുരൂപയാക്കപ്പെട്ടു. ആത്മശരീര ങ്ങളോടേസ്വർഗ്ഗത്തിൽആനന്ദിക്കാനുള്ളനീതിമാന്മാരിൽ ആദ്യത്തേവളായി അവർ വാഴുകയും ചെയ്യുന്നു. പുതിയ ഹവ്വായും കത്തോലിക്കാസഭയുടെമാതാവുമായ പരിശുദ്ധ കന്യാമറിയം സ്വർഗ്ഗത്തിൽ നിന്നു് ക്രിസ്തുവിൻെറ ഭൌ തിക ശരീരമായ കത്തോലിക്കാസഭയുടെ അംഗങ്ങളെ മാ തൃസഹജമായി സംരക്ഷിക്കുന്നു. എന്നും ഞങ്ങൾ വിശ്വ സിക്കുന്നു. പരിത്രാണംചെയ്യപ്പെട്ട മനുഷ്യമക്കളിൽ ദൈ വികജീവൻ പകർത്തുവാൻ ഈ അമ്മ ഈശോയോടു സ ഹകരിക്കുന്നു.

മനുഷ്യാധ:പതനം.

ആദി മനുഷ്യനായ ആദവും ആദത്തിൽ സകല മനുഷ്യരും പാപം ചെയ്തുവെന്നു് ഞങ്ങൾ വിശ്വ സിക്കുന്നു. ആദത്തിൻെറപാപം മനുഷ്യ സ്വഭാവത്തെ പാപകലുഷിതമാക്കി. സകല മനുഷ്യരും പ്രകൃത്യാ പാപികളായി എന്നു്സാരം. ആദം പാപംചെയ്തതിനു മുമ്പു് മനുഷ്യ പ്രകൃതി നീതിയും പരിശുദ്ധിയും ഉള്ളതാ യിരുന്നു. ആ സ്ഥിതിയിൽ മനുഷ്യനു് പാപത്തിൻെറ

A PALACKAL JEE PASS KEY LIBRARY

യോ മരണത്തിന്റെയോ അനുഭവജ്ഞാനമില്ലായിരുന്നു. ആദിപാപം മൂലം മനുഷ്യത്മാവിന്റെ അലങ്കാരമായിരുന്ന ദൈവകൃപാവരങ്ങളും ദൈവം പിൻവലിച്ചു. ഇതോടെ മനുഷ്യപ്രകൃതിക്കു മുറിവേറ്റു. മനുഷ്യൻ മരണത്തിന്റെ ആധിപത്യത്തിൻ കീഴിലായി. ആദത്തിന്റെ സന്തതികളെല്ലാം പാപികളെന്നപേരു ലഭിച്ചു.

ടെൻറു് തിരുസ്സംഘം പഠിപ്പിക്കുന്നു. "മനുഷ്യരെല്ലാംഉത്ഭവിക്കുന്നു പാപത്തിലാകുന്നു ഉത്ഭവപാപം പാപത്തിന്റെ അനുകരണമല്ല. ഉത്ഭവിക്കുന്ന ക്ഷണത്തിൽ ആദത്തിൽനിന്നുള്ള അവകാശമായി ലഭിക്കുന്ന പാപമാകുന്നു". ഈ സത്യം ഞങ്ങളും വിശ്വസിക്കുന്നു.

പരിത്രാണനം

നമ്മുടെ കർത്താവീശോമിശിഹാ മനുഷ്യർക്കുവേണ്ടി കുരിശിൽ തന്നെത്തന്നെ ബലിയർപ്പിച്ചുകൊണ്ടു് അവരെ ഉത്ഭവപാപത്തിൽ നിന്നും കർമ്മപാപങ്ങളിൽ നിന്നും രക്ഷിച്ചുവെന്നു് ഞങ്ങളും വിശ്വസിക്കുന്നു. മിശിഹായുടെ പ്രസ്തുത പരിത്രാണ കർമ്മത്തിന്റെ അതിരറ്റ ഫലങ്ങളെക്കുറിച്ചു് വിശുദ്ധ പൗലോസ് പറയുന്നു:"പാപത്തിന്റെ പെരുപ്പം പോലെ ദൈവത്തിന്റെ കൃപാവരങ്ങളും പെരുകി'

മാമ്മോദീസാ

പാപത്തിൽ നിന്നു് മനുഷ്യരെ രക്ഷിപ്പാനുള്ള ദൃശ്യമാർഗ്ഗമായി ക്രിസ്തു സ്ഥാപിച്ച ഏകമാമ്മോദീസായിലും ഞങ്ങളും വിശ്വസിക്കുന്നു.

പാപം ആരോപിക്കപ്പെട്ടവാൻ തക്കപ്രായത്തിലെത്തിയിട്ടില്ലാത്ത ശിശുക്കൾക്കുപോലും മാമ്മോദീസാ ആവശ്യമാകുന്നു. ചമതലപ്പെട്ടവർ അവക്കു് മാമ്മോദീസാ നല്കണം. എന്തുകൊണ്ടെന്നാൽ പാപത്തോടുകൂടി ഉത്ഭവിക്കുന്ന ശിശുക്കൾ, മാമ്മോദീസാവഴി, അഥവാ വെള്ളത്താലും പരിശുദ്ധാത്മാവിയാലും ദൈവമകനായിത്തീരും. അവക്കും ക്രീസ്തുമൂലം ദൈവികജീവൻ ലഭിക്കും.

ഏകവും പരിശുദ്ധവും സാർവ്വത്രികവും അപ്പോസ്തോലികവുമായ കത്തോലിക്കാസഭ.

ഈശോമിശിഹാ പത്രോസാകുന്ന പാറമേൽ മാനവരുടെ രക്ഷയ്ക്കായി സ്ഥാപിച്ച ഏകവും പരിശുദ്ധവും സാർവ്വത്രികവും അപ്പോസ്തോലികവുമായ കത്തോലിക്കാസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു; ഈ സഭ ഈശോമിശിഹായുടെ മൌതിക ശരീരമാകുന്നു, പവിത്രാധിപത്യത്തോടുകൂടി സ്ഥാപിതയാകുന്നു, ആദ്ധ്യാത്മികമാകുന്നു, ഭൂമിയിൽ കാണപ്പെടുന്ന തീർത്ഥകസമുദായമാകുന്നു, ദൈവജനമാകുന്നു, സാർവ്വീയാനുഗ്രഹങ്ങൾ നിറഞ്ഞ ദൈവരാജ്യമാകുന്നു. ഈ സഭ വഴി ദിവ്യരക്ഷകനായ ഈശോയുടെ പരിത്രാണപ്രവൃത്തികളായ സഹനങ്ങളും സേവനങ്ങളും തുടരുന്നു, സമയത്തിനപ്പുറത്തു് സഭ പൂർണ്ണതയിലെത്തും.

കർത്താവീശോമിശിഹായുടെ സമ്പൂർണ്ണതയിൽ നിന്നു് കാലാനുസൃതമായി പ്രവഹിച്ച ഏഴുകൂദാശകളും സഭവഴി ശുശ്രൂഷിക്കപ്പെടുന്നു. പരിശുദ്ധാത്മാവു സഭയെ കാക്കുകയും സഭവഴി ദിവ്യരഹസ്യങ്ങൾ ബഹുമാനിക്കപ്പെടുകയും പ്രസംഗിക്കപ്പെടുകയും ചെയ്യുന്നു. (എന്നു ഞങ്ങൾ വിശ്വസിക്കുന്നു)

കത്തോലിക്കാസഭ അവളുടെ മടിത്തട്ടിൽ പാപികളെയും വഹിക്കുന്നുണ്ടെങ്കിലും, അവൾ നിർമ്മലയാകുന്നു. അവളുടെ ജീവൻദൈവികമാകുന്നു. അവൾവഴി മനുഷ്യർ ദൈവികരാക്കപ്പെടുന്നു, സഭാംഗങ്ങൾ പുണ്യരാക്കപ്പെടുന്നു.സഭാംഗങ്ങളിൽ പാപം ചെയ്യുന്നവർ സഭയുടെ ദൈവികശോഭമനുഷ്യരുടെ മുമ്പിൽ കുറയ്ക്കുന്നുണ്ട്.

എന്നാൽ പരിശുദ്ധരായ സഭാംഗങ്ങൾ പാപികൾക്കുവേണ്ടി പരിഹാരം ചെയ്ത സഭയെ പ്രശോഭിപ്പിക്കുന്നു, പാപികൾ മാനസാന്തരപ്പെടുകയും ചെയ്യുന്നു.

കത്തോലിക്കാസഭ ദിവ്യവാശ്വാനങ്ങളുടെ അവകാശിയും അബ്രാഹത്തിന്റെ സന്തതിയും ആകുന്നു. ഇസ്രായേൽ വഴിയ്ക്കു തനിക്കുലഭിച്ച വിശുദ്ധഗ്രന്ഥത്തെ അവൾ കാത്തുസൂക്ഷിക്കുന്നു; ഇസ്രായേലിന്റെ പിതാക്കന്മാരേയും അവൾ ബഹുമാനിക്കുന്നു. അവൾ ശ്ലീഹന്മാരുടെ മേൽസ്ഥാപിതയാകുന്നു. ശ്ലീഹന്മാരുടെ ദൈവത്തമായ അധികാരപ്രയോഗങ്ങളും, സജീവമായ അവരുടെ പ്രബോധനങ്ങളും പിൻഗാമികളായ മാപ്പാപ്പാമാരിലും, മെത്രാന്മാരിലും കൂടി മാനവക്ക് രക്ഷാകരമായി ഭവിക്കുന്നു. സഭ പരിശുദ്ധാത്മാവിയാൽ വഴിതെറ്റാതെ നയിക്കപ്പെടുന്നു. പൂർവ്വകാലങ്ങളിൽ നിഴൽമാത്രമായി വെളിപ്പെടുത്തിയതും ഈശോമിശിഹാ മുഴുമിപ്പിച്ചതുമായ ദിവ്യവെളിപാടുകൾ സഭ കാത്തുസൂക്ഷിക്കയും പഠിപ്പിക്കയും ചെയ്യുന്നു.

ദൈവവചനം

ദൈവം എഴുതിത്തന്നതോ, അങ്ങിൽ നിന്ന് വാങ്ങ് മൂലമായി വന്നിട്ടുള്ളതോ ആയ ദൈവവചനങ്ങളെല്ലാം ഞങ്ങൾ വിശ്വസിക്കുന്നു. കത്തോലിക്കാസഭ ദൈവവചനങ്ങളെ, ആവശ്യാനുസരണം ആഘോഷമായോ, സാ

ധാരണ വിധത്തിലോ വ്യാഖ്യാനിക്കുന്നു; പ്രസംഗിക്കുകയും ചെയ്യുന്നുവെന്നു് ഞങ്ങൾ വിശ്വസിക്കുന്നു.

മാപ്പാപ്പായുടെ അപ്രമാദവരം

പത്രോസിന്റെ പിൻഗാമിയായ മാപ്പാപ്പായ്ക്കു്, അദ്ദേഹം കത്തോലിക്കാസഭയെന്ന അജഗണത്തിലെ അജപാലകനും അദ്ധ്യാപകനുമെന്ന നിലയിൽ തത്സ്ഥാനത്തിന്റെ അവകാശത്തോടെ വിശ്വാസികളെ ദൈവവചനം വ്യാഖ്യാനിച്ചു് പഠിപ്പിക്കുമ്പോൾ അപ്രമാദവരമുണ്ടു്. എന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ സംഘത്തിനും അവർ മാർപാപ്പായോടു യോജിച്ചു് പഠിപ്പിക്കുമ്പോൾ അപ്രമാദം ഉണ്ടു്

വിശ്വാസത്തിലും, ആരാധനയിലും പവിത്രാധിപത്യബന്ധത്തിലും കത്തോലിക്കാസഭ ഏകയാകുന്നു.

ഈശോമിശിഹാ സ്ഥാപിച്ചതും, അതിനു വേണ്ടി അവിടന്നു് പ്രാർത്ഥിച്ചതുമായ കത്തോലിക്കാസഭ വിശ്വാസത്തിലും ആരാധനയിലും, പവിത്രാധിപത്യത്തിലും ഏകയാകുന്നു. ഈ ഏകസഭയിൽ ധന്യമായ വൈവിധ്യത്തോടുകൂടിയ ആരാധനാരീതികളും, ദൈവശാസ്ത്രപരവും ആദ്ധ്യാത്മികശാസ്ത്രപരവുമായ സമ്പത്തും, ഉൽകൃഷ്ടമായ ശിക്ഷണവിധികളും ഉണ്ടു്. ഈ ദൈവവിധ്യത്തോടുകൂടിയ സഭയുടെ ഏകതാപസഭയ്ക്കു് ശ്ലീഹന്മാർ സാക്ഷ്യം നല്കുന്നു.

സംഘടിതമായ കത്തോലിക്കാസഭയ്ക്കു് പുറമെയും സഭയിൽ നിന്നുള്ള സത്യത്തിന്റെയും വിശുദ്ധിയുടേയും

ശോഭാ കിരണങ്ങളും കാണാൻകഴിയും ആ കിരണങ്ങളും വഴി അനേകർ സഭയാലേയ്ക്കാകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കത്തോലിക്കർ, അവരും കത്തോലിക്കാ സഭയിൽ എത്തിപ്പോരുമെന്നുള്ള വിശ്വാസത്തോടേ പ്രാർത്ഥിക്കയും പ്രയത്നിക്കയും ചെയ്യുന്നു. സഭയ്ക്കു പുറമെയുള്ള സുമനസ്സുക്കളിലും പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നുണ്ട്. പരിശുദ്ധാത്മാവിയോടു സഹകരിക്കുന്ന "എല്ലാവരും ഒരിടയനും ഒരു തൊഴുത്തും" ആകും.

കത്തോലിക്കാസഭ നിത്യരക്ഷയ്ക്കാവശ്യം

മനുഷ്യർക്കു നിത്യജീവൻ നേടാൻ കത്തോലിക്കാസഭ ആവശ്യമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ രക്ഷയുടെ മദ്ധ്യസ്ഥനും വഴിയുമായ ഈശോമിശിഹാ മനുഷ്യരെ രക്ഷിക്കാനായി സഭയെ തന്റെ മൗതിക ശരീരമാക്കിക്കൊണ്ടു് അവളുടെ ശിരസ്സായി വർത്തിക്കുന്നു; ഈമൗതികശരീരത്തിലേയ്ക്കു് സകല മനുഷ്യരെയും അംഗങ്ങളാവാൻ അവിടുന്നു ക്ഷണിച്ചു. എന്നാൽ ഈശോയുടെ സുവിശേഷമോ, കത്തോലിക്കാസഭയേയോ അറിഞ്ഞിട്ടില്ലാതിരിക്കയും ആത്മാർത്ഥതയോടെ സത്യം അന്വേഷിക്കയും പരിശുദ്ധാത്മാവിയുടെ പ്രേരണയെ അനുഗമിച്ചു് മന:സ്സാക്ഷിപ്രകാരം ദൈവചിത്തം നിറവോറിവരികയും ചെയ്യുന്നവരും രക്ഷപെടുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ഇങ്ങിനെ രക്ഷപെടുന്നവരെദൈവംമാത്രം അറിയുന്നു. കത്തോലിക്കർ അവരുടെ മന:സ്സാക്ഷിയെ ആദരിച്ചുകൊണ്ടു് കത്തോലിക്കാസഭയെ അവർക്കു കാണിച്ചുകൊടുക്കാൻ യത്നിക്കണം.

വിശുദ്ധ കുർബ്ബാനയെന്നദിവ്യബലി

കത്തോലിക്കാവൈദികൻ വൈദികപട്ടംവഴി ലഭിച്ച അധികാരപ്രകാരം ഈശോയെ പ്രതിനിധീകരിച്ചുകൊണ്ട് ഈശോയുടേയും അവിടത്തെ സഭയുടെയും നാമത്തിൽഅപ്പിക്കുന്ന വിശുദ്ധകുർബ്ബാനയെന്നബലി ഈശോ കാൽവരിയിൽ രക്തം ചിന്തി അപ്പിച്ച ബലിയാകുന്നുവെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. വൈദികൻ കുർബ്ബാന അപ്പിക്കുന്ന അൾത്താരമേൽ ഈശോ വൈദികന്റെ, കൈകളാൽ തന്നെത്തന്നെ രക്തംചിന്തിതന്നെഅപ്പിക്കുന്നു.

കുർബ്ബനയപ്പത്തിലെ വസ്തുമാറ്റം

നമ്മുടെ കർത്താവീശോമിശിഹാ അന്ത്യഅത്താഴസമയത്തു് വഴിത്തീയ അപ്പവും വീഞ്ഞും, അവിടന്നു് പിറ്റെ ദിവസം നമുക്കു് വേണ്ടി കുരിശിന്മേൽ അർപ്പിക്കാനിരുന്ന തന്റെ ശരീരരക്തങ്ങളായിമാറി എന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ഇന്നു് സ്വർഗ്ഗത്തിൽ വാഴുന്ന ഈശോയുടെ ശരീരരക്തങ്ങളാണു് വിശുദ്ധ കുർബ്ബാനയിൽ അപ്പിക്കപ്പെടുന്നതു് കൂദാശചെയ്യപ്പെട്ടഅപ്പവുംവീഞ്ഞും, കാഴ്ചയ്ക്കു് അപ്പവും വീഞ്ഞുമാണെങ്കിലും യഥാർത്ഥത്തിൽ മിശിഹായുടെ ശരീരരക്തങ്ങളാകുന്നു

അങ്ങനെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ഈശോ സന്നിധിചെയ്യുകയെന്നതു് അപ്പത്തിനും വീഞ്ഞിനും വസ്തുമാറ്റം ഭവിക്കാതെസാധ്യമല്ല. പഞ്ചേന്ദ്രിയങ്ങൾക്കനുഭവപ്പെടുന്ന ഗുണങ്ങൾ മാത്രം അപ്പത്തിലും വീഞ്ഞിലും ശേഷിക്കുന്നു. നിഗൂഢമായ ഈ ദിവ്യരഹസ്യത്തെ കത്തോലിക്കാസഭ വസ്തുമാറ്റമെന്നു് നാമകരണം ചെയ്തിരിക്കുന്നു

ഈ ദിവ്യരഹസ്യത്തിന്റെ ഏതാണ്ടൊരുജ്ഞാനം ലഭിക്കാനായി ഭക്തിപൂർവ്വം ശ്രമിക്കുന്ന ദൈവശാസ്ത്രജ്ഞന്മാർക്ക് കത്തോലിക്കാ സഭ വേണ്ട മാർഗ്ഗദർശം നല്കുന്നുണ്ട്. അവർ സഭയുടെ വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് മാത്രമേ വിശദീകരണത്തിനു പുറപ്പെടാവൂ അവർ വിശ്വാസത്തെക്കാളധികം യുക്തിയെ ആശ്രയിക്കരുത്. ക്രിസ്തു ചെയ്യപ്പെട്ട അപ്പവും വീഞ്ഞും, അപ്പവും വീഞ്ഞുമല്ലാതായി; അപ്പവും വീഞ്ഞുമായി കാണപ്പെടുന്നതു മിശിഹായുടെ ശരീരരക്തങ്ങളാകുന്നു. എന്ന വിശ്വാസത്തിനു് യാതൊരു മാറ്റവും അവർ വരുത്തരുത്. ഈ സത്യം അറിയിക്കാതെ അവർ വിശദീകരണങ്ങളിലേയ്ക്ക് കടക്കരുത് ഇശോ, തന്നെത്തന്നെ മനുഷ്യർക്ക് ഭക്ഷണ പാനീയങ്ങളായി നല്കുവാനും അങ്ങിനെ നമ്മെ അങ്ങയോട് ഐക്യപ്പെടുത്തുവാനും തിരുവുള്ളമായി

സ്വർഗ്ഗത്തിൽ വാഴുന്ന ഈശോ വിശുദ്ധ കുർബ്ബാന വഴി പെരുകുന്നില്ല; എന്നാൽ വിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെടുന്ന സ്ഥലങ്ങളിലെല്ലാം അവിടുന്ന് പൂർണ്ണമായി സന്നിധി ചെയ്യുന്നു.

ഈ സാന്നിധ്യം കുർബ്ബാനയ്ക്കുശേഷം സക്രാരിയിൽ സൂക്ഷിക്കപ്പെടുന്ന അപ്പത്തിലുംഉണ്ട് അതിനാൽ കത്തോലിക്കാ ദേവാലയങ്ങളുടെ സജീവ കേന്ദ്രമാണ് വിശുദ്ധ കുർബ്ബാനയെന്ന അപ്പം എന്നു് ഞങ്ങൾ വിശ്വസിക്കുന്നു.

കണ്ണുകൾ കൊണ്ട് നാം കാണുന്ന തിരുവോസ്തിയിൽ മനുഷ്യാവതാരം ചെയ്തദൈവവചനത്തെ ബഹുമാനിക്കുകയെന്നതു് മധുരമുള്ള കടമയാകുന്നു. ഈശോ സ്വർഗ്ഗത്തെ വിട്ടുപോരാതെ വിശുദ്ധകുർബ്ബാനയിൽ നമ്മുടെ മുമ്പിൽ സന്നിഹിതനാവുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവരാജ്യം

ഈശോമിശിഹാ സ്ഥാപിച്ച കത്തോലിക്കാസഭ ദൈവ രാജ്യമാകുന്നു, ലൗകികരാജ്യമല്ല. സഭ കടന്നുപോകുന്ന ലോകത്തിൽ വളരുന്ന പുഷ്ടിപ്പെടുന്നുണ്ട്, പക്ഷെ അവിടെ ലൗകിക പരിഷ്കാരമോ, ലൗകീക കലാശാസ്ത്രങ്ങളോ അല്ലപ്രധാന ലക്ഷ്യം അവിടെ മിശിഹായുടെ ആഴം കാണാത്ത അഭൗമികജ്ഞാനവും പൂർണ്ണതയും സമ്പാദിച്ച് പൂർണ്ണയാകാൻ ശ്രമിക്കുന്നു. കൂടുതൽ കൂടുതൽ ദൈവകൃപാവരങ്ങളും, ദൈവസ്നേഹവും സ്വായത്തമാക്കുന്നു.

കത്തോലിക്കാസഭ, അവിടെക്കീ ഭൂമിയിൽ ശാശ്വതഭവനമില്ല എന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കി അവിടെ യാത്ര ചെയ്യുന്നു. ഭൗമികക്ഷേമവും അവളിൽ കാണാം പക്ഷെ അവിടെ ഇവയെയെല്ല സ്വർഗ്ഗീയനന്മയെയാണ് സ്നേഹിക്കുന്നതും തേടുന്നതും. ദൈവരാജ്യത്തിനുവേണ്ടി മറ്റെല്ലാം സംത്യജിക്കാൻ അവിടെ സന്നദ്ധയത്രെ. ദരിദ്രരെ സഹായിക്കാനും ലൗകികക്ഷേമത്തിനായും അവിടെ ഒരുപങ്കുവഹിക്കുന്നുണ്ട്; അല്ല, പ്രധാനപങ്കു അവളാണ് വഹിക്കുന്നതെന്നു പറയാം പക്ഷെ പരമാന്ത്യ പ്രാപ്തിയ്ക്കുതകാത്തതെല്ലാം പരിത്യാജ്യമാണെന്ന് വിശ്വസിക്കുന്നു.

അവിടെ സങ്കടപ്പെടുന്നവരുടെ അടുത്തുണ്ട് എന്തിനു്? അവരെ ആശ്വസിപ്പിക്കാനും പ്രധാനമായി അവരെ സ്വർഗ്ഗരാജ്യത്തിലേയ്ക്കാനയിക്കാനും; അതിനു സമ്മാനമായി മിശിഹാ തന്റെ സ്വർഗ്ഗപ്രകാശം നല്കാൻ മഹാപദത്തോടെ വന്നു് അവളെ ആത്മശരീരങ്ങളോടെ സ്വർഗ്ഗരാജ്യത്തിലേയ്ക്കു് പതസുമായി സ്വീകരിക്കുന്ന ദിവസം അവിടെ പാർത്തുകഴിയുന്നു

നിത്യജീവൻ

നിത്യജീവനിലും ഞങ്ങൾ വിശ്വസിക്കുന്നു. മിശിഹായിൽ മരിക്കുന്നവരെല്ലാവരും, ശുദ്ധീകരിക്കപ്പെടേണ്ടവർ ശുദ്ധീകരണം കഴിഞ്ഞും ശുദ്ധന്മാർ ഉടനെയും നിത്യജീവൻ പ്രാപിക്കുന്നു. തല്ക്ഷണം അവരുടെ ആത്മാക്കൾ മാത്രം സ്വർഗ്ഗത്തിലേയ്ക്ക് ആരോപിതരാകും എന്നാൽ ദിവ്യരക്ഷകനായ ഈശോയും അവിടത്തെ മാതാവും ശരീരത്തോടുകൂടി സ്വർഗ്ഗത്തിലുണ്ട്. മറ്റുള്ളവർക്ക് ലോകാവസാനത്തിനു ശേഷം ശരീരത്തോടുകൂടി നിത്യജീവൻ അനുഭവിക്കാം എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈശോ ആദ്യമായി സ്വർഗ്ഗത്തിലേയ്ക്കാനയിച്ച ആത്മാവ് തന്റെ വലത്തുഭാഗത്തു തൂക്കപ്പെട്ടവനും അനുതാപിയുമായ കള്ളനായിരുന്നു. ഈശോ കുരിശിൽ കിടന്നുകൊണ്ട് അവന്റെ അനുതാപം സ്വീകരിക്കയും, "ഇന്നു നീ എന്നോടു കൂടി പറുദീസായിലെത്തും" എന്നരുൾ ചെയ്കയും ഉണ്ടായി.

സ്വർഗ്ഗീയസഭ

ഈശോയോടും മറിയത്തോടും കൂടി സ്വർഗ്ഗത്തിൽ ആനന്ദിക്കുന്ന ഭാഗ്യപ്പെട്ട മനുഷ്യരാണ് സ്വർഗ്ഗീയസഭ. അവിടെ അവർ തങ്ങളുടെ സ്രഷ്ടാവായ ദൈവത്തിന്റെ സത്ത ദർശിച്ച് ദിവ്യാനന്ദത്തിൽ മുഴുകുന്നു. മാലാഖാമാരോടൊന്നിച്ച് അവർ ഈശോയുടെ സ്വർഗ്ഗീയ വാഴ്ചയിൽ പങ്കുകൊള്ളുന്നു. നമ്മുടെ സഹോദരന്മാരെന്ന നിലയിൽ അവർ നമുക്കു വേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു.

മൂന്നു ലോകത്തിലായി ജീവിക്കുന്ന വിശുദ്ധന്മാർ തമ്മിലുള്ള കൂട്ടായ്മ.

ഭൂമിയിൽ ജീവിച്ചുകൊണ്ട് വിശ്വാസത്തിൽ സഞ്ചരിയാത്രചെയ്യുന്ന വിശുദ്ധന്മാരും, ശുദ്ധീകരിക്കപ്പെടുന്ന വിശുദ്ധന്മാരും സ്വർഗ്ഗിയ വിശുദ്ധന്മാരും ഒന്നിച്ച് ഏകസഭയാകുന്നു; എന്നും ഞങ്ങൾ വിശ്വസിക്കുന്നു. സ്വർഗ്ഗീയ സഭാംഗങ്ങൾനമ്മുടെ പ്രാർത്ഥനകൾ കേട്ട് നമ്മെ സഹായിക്കുന്നു; ശുദ്ധീകരിക്കപ്പെടുന്ന വിശുദ്ധന്മാർ നമ്മെ സ്നേഹിക്കയും നമ്മുടെ പരിഹാരപ്രത്യുത്തരം ചോദിക്കയും ചെയ്യുന്നു.

നമ്മുടെ കർത്താവും ദൈവവുമായ ത്രിയേക ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ആമ്മേൻ.

ഭാഗം 2

പ്രസ്താവന

ഞാൻ ഇതിനുമുമ്പ് "സ്നേഹഗാനം" എന്നപേരിൽ ഒരു ചെറുഗ്രന്ഥവും നാലഞ്ചു ലഘുലേഖകളും "പ്രൈവറ്റ നോട്ടു ബുക്കുകളും" ആയി അച്ചടിപ്പിച്ച് ദാനമായി പ്രചരിപ്പിച്ചതും ആദരവോടും അനുമോദനത്തോടുംകൂടി സ്വീകരിക്കപ്പെട്ടപ്പോൾ എന്നിൽ ഉണ്ടായ ഉന്മേഷത്തിന്റെ ഫലമാണ് "ദിവ്യാനന്ദത്തിലേയ്ക്ക്" എന്ന ഈ ചെറുഗ്രന്ഥം.

എന്നെ നയിച്ച പരിശുദ്ധാത്മരൂപിക്ക് സ്തുതിയും ബഹുമാനവും, കൃതജ്ഞതയും ആരാധനയും!

കയ്യെഴുത്തു പ്രതി വായിച്ച് ആസ്വാദനം എഴുതിത്തന്നവർക്കും പ്രോത്സാഹകർക്കും ഭക്ത്യാദരങ്ങൾ!

ഈ കൃതി ഏകപ്രസംഗരൂപത്തിലാണ് രചിച്ചിട്ടുള്ളതു്, അതിനാൽ മുഖപ്രസംഗം ചേർത്തിട്ടില്ല

ദിവ്യാനന്ദത്തിലേയ്ക്ക്

ഈശോമിശിഹായിൽ എന്റെ സഹോദരന്മാരേ, നിങ്ങളുടെ ആത്മാക്കളാകുന്ന ഭൂമികയെ, നിങ്ങളുടെ അന്ധവാദത്തോടുകൂടി, ഒന്നുഴതടിച്ച്, അതിൽ വിശുദ്ധയോഹന്നാൻക്രൂസിന്റെ ഉൽകൃഷ്ട പ്രബോധനങ്ങളാകുന്ന വിത്തു വിതച്ച്, മുളപ്പിച്ച്, വളത്തി ഫലമണിയിക്കുവാൻ ഈ ശ്രമായിൽ ഞാനാഗ്രഹിക്കുകയാണ്. ഉഴവിന്നും അടിയ്ക്കുമായിഎന്റെ കൈവശമുള്ള പണിയായുധങ്ങളും വിശുദ്ധ യോഹന്നാനിൽനിന്നു തന്നെ ഞാൻ വാങ്ങിയിട്ടുള്ളവയാകുന്നു.

എന്റെ ഈ പ്രസംഗസമയത്തു് നിങ്ങളും പുല്ലത്തിണ്ട അനുഭൂതി വിത്തു് സ്വീകരിച്ച്, മുളപ്പിച്ച്, വളത്തി ഫലം പുറപ്പെടുവിക്കുന്ന ഒന്നായിരിക്കട്ടെ!

അതിനായ് ഞാനവതരിപ്പിക്കുന്ന ക്രമത്തിൽ തന്നെ വിശുദ്ധന്റെ ആശയങ്ങളും സ്വീകരിക്കയും വിശദാംശങ്ങളിലേയ്ക്കു്, പ്രശ്നങ്ങളിലേയ്ക്കു് പ്രസംഗം കഴിയുന്നതുവരെ, കടക്കാതിരിക്കയും വേണം.

ഉഴവു് തുടങ്ങുമ്പോൾ മനുഷ്യൻ കാണുകയും, കേൾക്കുകയും, ഘ്രാണിക്കയും, രസിക്കയും, സ്പർശിക്കയും, വിഭാവനം ചെയ്കയും, ചിന്തിക്കയും, മനസ്സാവുകയും, സ്നേഹിക്കയും ചെയ്തുകൊണ്ടു് ഏറെക്കുറെ ആനന്ദിച്ചുവരുന്നുണ്ടു്. ഏന്ന വസ്തുത നിഷേധിക്കാനാവില്ല. കല, ശാസ്ത്രം, പരിഷ്കാരം, എന്നിവ വളരുന്നതു് മേൽപറഞ്ഞ അനുഭവങ്ങളുടെ അടിസ്ഥാനങ്ങളിന്മേലാകുന്നുവെന്നു് കാണാം.

എന്നാൽ തങ്ങൾ സമ്പൂർണ്ണാനന്ദം നേടിക്കഴിഞ്ഞുവെന്നു് യാതൊരുവനും അവകാശപ്പെട്ടിട്ടില്ല. പൂർണ്ണാനന്ദം പ്രതീക്ഷിച്ചു് അദ്ധ്വാനിക്കുന്നുവെന്നു് സകലരും പറയും

മാർഗ്ഗം തെറ്റിയാൽ ആനന്ദപൂർണ്ണതയ്ക്കുപകരം നിർഭാഗ്യഗർത്തത്തിൽ പതിയ്ക്കുമെന്നു് എല്ലാവർക്കും ബോധമുണ്ടു്. അതിനാൽ വിവേകികളായ നേതാക്കന്മാരെ അനുഗമിക്കുന്നു.

ദൈവപുത്രനായ ഈശോമിശിഹായെ നേതാവായി കണ്ടെത്തിയവർ ഉത്തമനേതാവിനെ കണ്ടെത്തി. ഈശോയെ അനുഗമിക്കുന്നവർ അനുഗ്രഹീതർ. അവിടുന്നു് തന്റെ ആശ്രിതരെ "സുവിശേഷ" മാർഗ്ഗത്തിലൂടെ നിത്യാനന്ദത്തിലേയ്ക്കു് അഥവാ നിത്യജീവനിലേയ്ക്കു് നയിക്കുന്നു.

ഈശോമിശിഹായുടെ ഔദ്യോഗികപ്രതിനിധികളായ കത്തോലിക്കാ സഭാപാലകരേയും സഭയിലെ പരിശുദ്ധാത്മാക്കളെയും മനസ്സിലാക്കിയവർ അവരെ ആശ്രയിക്കുന്നു.

ഉത്തമ കത്തോലിക്കരായി ജീവിച്ച അനേകർ നിത്യാനന്ദമാർഗ്ഗത്തിൽ ജീവിച്ചു് സ്വർഗ്ഗത്തിലെ ആനന്ദപൂർണ്ണത നേടിക്കഴിഞ്ഞു. ഇവരിൽ ഒരുജ്ജ്വലതാരമാകുന്നു വിശുദ്ധ യോഹന്നാൻക്രൂസ്. അദ്ദേഹം തന്റെ ഭൗമിക ജീവിതത്തിൽ കർമ്മധീരകിസ്തീയയോദ്ധാവായി പരിലസിച്ചു; അനേകരെ അദ്ദേഹം നിത്യാനന്ദമാർഗ്ഗത്തിൽ നയിച്ചു. ഇന്നദ്ദേഹം തന്റെ വിശിഷ്ടഗ്രന്ഥങ്ങളും തന്റെ അനുഗാമികളും വഴിയായും അനേകരെ സ്വർഗ്ഗാനന്ദത്തിലേയ്ക്കു് നയിയ്ക്കുന്നു.

അദ്ദേഹം പഠിപ്പിയ്ക്കുന്ന ദിവ്യാനന്ദ മാർഗ്ഗത്തെപ്പറ്റി കേൾക്കുമ്പോൾ നാം സംശയിക്കാൻ പാടുണ്ട്. എന്തുകൊണ്ടെന്നാൽ, ദുഷ്കരത്തിൽ അദ്ദേഹം പറയുന്നു. ദിവ്യാനന്ദത്തിലെത്താൻ ആത്മാവു് ആത്മീയവും ശാരീരികവുമായ സകല ആശകളേയും ദൈവത്തെപ്രതി നിഗ്രഹിക്കണം. "എങ്കിലും ക്രിസ്തുവിന്റെ ഈ വിശ്വസ്താനുഗാമി നമ്മെ വ്യതിചലിപ്പിക്കയില്ലെന്ന വിശ്വാസത്തോടെ നമുക്കു് അദ്ദേഹത്തിന്റെ പ്രബോധനങ്ങളിലേക്കു് കടക്കാം. അദ്ദേഹം തന്റെ സകല പ്രബോധനങ്ങളുടേയും ആമുഖമായി ഇപ്രകാരം പ്രസ്താവിക്കുന്നു. "സ്നേഹത്തിന്റെ ഉന്നതപദവികളിലേയ്ക്കു് ദൈവം ക്ഷണിക്കുന്ന ആത്മാക്കളെ അങ്ങയുടെ നാമത്തിൽ നയിക്കുവാൻ എനിക്കുള്ളതിനെക്കാൾ വളരെയധികം ജ്ഞാനവും അനുഭവങ്ങളും ആവശ്യമാകുന്നു. എന്നാൽ ഞാൻ പിൻമാറുന്നതു് ശരിയല്ല. അനേകം ദൈവസ്നേഹികൾക്കും അവരുടെ നിയന്താക്കൾക്കും ആവശ്യമായവ പ്രകാശിപ്പിക്കാൻ ഞാനും എന്റെ കഴിവുപയോഗിക്കണമല്ലോ. എന്നാൽ ഞാൻആരെയും വഴിതെറ്റിച്ചു് പോകാതിരിക്കാൻവേണ്ടി, വിശുദ്ധഗ്രന്ഥത്തെ അടിസ്ഥാനമാക്കിയും, കത്തോലിക്കാസഭയെ അനുസരിച്ചും മാത്രം സംസാരിക്കും. എന്റെ ശിഷ്യന്മാർ അന്ധമായി എന്നെഅനുസരിക്കരുതെന്നു് പ്രഥമത: ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു."

വിശുദ്ധ യോഹന്നാന്റെ അടുത്ത അനുഗാമികൾ ധീരതയോടെ മുന്നോട്ടുനീങ്ങട്ടെന്നു് ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

ഇതാ! എന്റെ ഉഴവും അടിയും തീർന്നു. ഇനി വിശുദ്ധന്റെ ദിവ്യാനന്ദമാർഗ്ഗത്തെ സമാഹരിച്ചു് അവതരി

പ്പിക്കാം. വിശുദ്ധ യോഹന്നാൻ പ്രധാനമായി നാലു ഗ്ര
ന്ഥങ്ങളാ രചിച്ചു; 1. കർമ്മലഗിരിയാരോഹണം; 2. ആ
ത്മാവിന്റെ ഇരുളടഞ്ഞരാത്രി; 3. ആദ്ധ്യാത്മികഗീതങ്ങളാ
4. ദൈവസ്നേഹാഗ്നിജ്വാല. കർമ്മലഗിരിയാരോഹണ
ത്തിൽ അദ്ദേഹം, ഒരാത്മാവു് ദൈവൈകൃത്തിൽ എ
ത്തുന്നതിനു് മുമ്പായി ചെയ്യേണ്ട സ്വശുദ്ധീകരണത്തെ
പ്രകാശിപ്പിക്കുന്നു. ആത്മാവിന്റെ ഇരുളടഞ്ഞരാത്രിയിൽ
ശുദ്ധീകരണത്തിന്റെ അവസാന ഭാഗം വിവരിക്കുന്നു
ആദ്ധ്യാത്മിക ഗീതങ്ങളിൽ, ആത്മാവു് ശുദ്ധീകരിക്കപ്പെ
ടുന്നതിനോടൊപ്പം ചെയ്യുന്ന പ്രാർത്ഥനകളും, ധ്യാനങ്ങളും
പുണ്യാഭ്യാസങ്ങളും, സ്നേഹാശ്ലേഷങ്ങളും അടുത്തസംസർഗ്ഗ
ങ്ങളും സ്നേഹാനുഭൂതികളും വിവരിക്കുന്നു. ദൈവസ്നേഹ
ജ്വാലയിൽ തീക്ഷ്ണതയുറവും കവിഞ്ഞൊഴുകുന്നതുമാ
യ സ്നേഹപാരമ്യം വർണ്ണിക്കുന്നു.

വിശുദ്ധൻ തന്റെ കവിതകളുടെ വ്യാഖ്യാനങ്ങളാ
യിട്ടാണു് തന്റെ ഗ്രന്ഥങ്ങളാ രചിച്ചിട്ടുള്ളതു്.

കർമ്മലഗിരിയാരോഹണത്തിൽ പ്രതിപാദിക്കപ്പെട്ട
ന്ന ശുദ്ധീകരണം ഞാനാദ്യം പ്രകാശിപ്പിക്കാം: ഈ ശുദ്ധീ
കരണം ഇരട്ടയാകുന്നു. ഇതിനെ ചിത്രീകരിക്കുന്ന ഒരു
സംഭവം വിശുദ്ധ ഗ്രന്ഥത്തിൽ നിന്നു് യോഹന്നാൻ ക്രൂ
സു് എടുത്തു കാണിക്കുന്നു. കൊച്ചുതോബിയാസു്, ത
ന്റെ മണവാട്ടിയോടു് ഐക്യപ്പെടുന്നതിനു മുമ്പായി, റ
പ്പായേൽ മാലാഖാ അവനെ മൂന്നു രാത്രികളാ കടത്തി. ഒ
ന്നാമത്തെ രാത്രിയിൽ തോബിയാസു്, താൻ സൂക്ഷിച്ചു്
വച്ചിരുന്ന മീൻ ചങ്കും കരളും അഗ്നിയിൽ ദഹിപ്പിച്ചു.
ഈ പ്രവൃത്തി, ആത്മാവു് ദൈവൈകൃത്തിനുവേണ്ടി ചെ

യേണ്ട ഐന്ദ്രിയ ശുദ്ധീകരണം സൂചിപ്പിക്കുന്നു. രണ്ടാമത്തെ രാത്രിയിൽ തോബിയാസ്, വിശ്വാസത്തിന്റെ പിതാക്കന്മാരുമായി സഹവസിച്ചു. ഈ പ്രവൃത്തി, ആത്മാവു് വിശ്വാസത്തിന്റെ ഇരുളിൽ പ്രവേശിച്ചുകൊണ്ടു് ചെയ്യുന്ന ആത്മീയശുദ്ധീകരണം സൂചിപ്പിക്കുന്നു. മൂന്നാമത്തെ രാത്രിയിൽ തോബിയാസു് ദൈവാനുഗ്രഹം നേടി ഈ അനുഗ്രഹം, ദൈവൈക്യത്തിനായി യത്നിക്കുന്ന ആത്മാവിനു് ലഭിക്കുന്ന ദൈവസാമീപ്യമാകുന്നു. ഈ സാമീപ്യത്തിന്റെ ഇരുളിൽ ശുദ്ധീകരണത്തിന്റെ അവസാനഭാഗവും നിറവേറും.

ഐന്ദ്രിയ ശുദ്ധീകരണത്തെ വിവരിക്കാനായി വിശുദ്ധൻ രചിച്ച ശ്ലോകത്തിന്റെ രജ്ജമ:

കുരിശും മേവുന്ന രാവിൽ— മഹാ
സ്നേഹാഭിലാഷോജ്ജ്വലയായ്,
വാതായനം ഞാൻ കടന്നു— ഏന്നാൽ
ആരുമെന്നെക്കണ്ടതില്ല
ആശകളെല്ലാം മയങ്ങി— എന്റെ
ഭാഗ്യോദയം വന്നണഞ്ഞു

ആദ്യം ഈ ശ്ലോകത്തിന്റെ ആകമാനവ്യാഖ്യാനവും പിന്നെ ഭാഗം തിരിച്ചുള്ള വ്യാഖ്യാനവും നല്കാം. ആകമാനവ്യാഖ്യാനമായി വിശുദ്ധൻ പറയുന്നു ആത്മാവു് ദൈവസ്നേഹൈക്യത്തെ ഉന്നം വച്ചുകൊണ്ടു് ഐന്ദ്രിയശുദ്ധീകരണത്തിന്റെ ഇരുൾരാത്രിക്കടന്നു. ഇരാത്രി വഴി ഐന്ദ്രീയാശകളെല്ലാം നിഗ്രഹിക്കപ്പെട്ടതിനാൽ ആത്മാവു് തടവൊന്നുകൂടാതെ ദൈവത്തോടടുത്തു "ആശകളെല്ലാം" മയങ്ങി അതായതു് യാതൊരാശയും ദൈവൈക്യത്തിലേയ്ക്കുള്ള പ്രയാണത്തെ തടഞ്ഞില്ല

"എന്റെ ഭാഗ്യോദയം വന്നണഞ്ഞു" സ്വശക്തിയാലല്ല, ദൈവകൃപാവരത്താൽ മാത്രമാണ് ഐന്ദ്രീയശുദ്ധീകരണം സാധിച്ചതെന്നാണ് വിവക്ഷ.

ഇനി ശ്ലോകത്തെ മുറിച്ച് വ്യാഖ്യാനിക്കാൻ തുടങ്ങട്ടെ വിശുദ്ധൻ ഐന്ദ്രിയ ശുദ്ധീകരണത്തെ ആത്മാവിന്റെ ഇരുൾരാത്രി കടക്കൽ എന്ന വിളിക്കുന്നതെന്തുകൊണ്ട് ഇരുൾരാത്രിയിൽ കാഴ്ചാശക്തി പ്രവർത്തനരഹിതമാവുന്നു. അതിനാൽ കാഴ്ചാശക്തിയെ പ്രവർത്തനരഹിതമാക്കുന്നവൻ കണ്ണിനെ ഇരുളിലാക്കുന്നുവെന്നു പറയാം. കണ്ണിനെയെന്നപോലെ മറ്റിന്ദ്രിയങ്ങളെയും പ്രവർത്തനരഹിതമാക്കി ഇരുളിലാക്കാൻ കഴിയും

തത്വജ്ഞർ ഇങ്ങിനെ പഠിപ്പിക്കുന്നു: മനുഷ്യന്റെ ആത്മാവ് അവന്റെ ശരീരമെന്ന കാരാഗൃഹത്തിലേയ്ക്ക് പ്രവേശിപ്പിക്കപ്പെടുന്ന ക്ഷണത്തിൽ അവൾ വെള്ളക്കടലാസ്സിനു സദൃശമാകുന്നു. അതിന്മേൽ ജ്ഞാനം എഴുതപ്പെടണമെങ്കിൽ, അതായത് ആത്മാവിനു ജ്ഞാനം സമ്പാദിക്കുവാൻ കഴിയണമെങ്കിൽ പഞ്ചേന്ദ്രിയങ്ങളാകുന്ന ജനലുകളിൽകൂടി ഛായകളും രൂപങ്ങളും ഭാവനകളും ഉള്ളിൽ പ്രവേശിക്കണം. അതിനാൽ ഇന്ദ്രിയ ശക്തികളെ പ്രവർത്തനരഹിതമാക്കിയാൽ ജ്ഞാനം ലഭിക്കയില്ല.

അങ്ങനെയെങ്കിൽ ഇന്ദ്രിയങ്ങളെ പ്രവർത്തനരഹിതമാക്കുന്നത് പ്രകൃതിവിരുദ്ധമല്ലേ? അല്ലയെന്നു സയുക്തികം വിശുദ്ധയോഹന്നാൻ സമർത്ഥിക്കുന്നു. ഇന്ദ്രിയങ്ങളിൽകൂടിയാണ് മനുഷ്യനു ദൈവികജ്ഞാനം മാത്രമല്ലാതെ വിജ്ഞാനവും ലഭിക്കുന്നത്. ശരി, എന്നാൽ ഇന്ദ്രിയങ്ങളിൽകൂടി എങ്ങിനെയാണ് ദൈവജ്ഞാനം സമ്പാദിക്കേണ്ടത് എന്നാണ് പ്രശ്നം ഐന്ദ്രിക ശക്തികളെ ബുദ്ധിയുടെ നിയ

ന്തണമില്ലാതെ വിട്ടാൽ ബുദ്ധി ജ്ഞാനമാഗ്രത്തിൽനിന്നു മാറിപ്പോവുകയേയുള്ള. സത്യത്തിലെത്തുകയില്ല, സത്യാന്വേഷണ ബുദ്ധി പുലത്താതെ ദൈവജ്ഞാനത്തിലുമെത്തില്ല. ഇന്ദ്രിയങ്ങളെ ഇരുളിലാക്കൽ, അഥവാ ഇന്ദ്രിയനിഗ്രഹം, ബുദ്ധിക്കു് ഇന്ദ്രിയത്തേയും ദൈവത്തിനു് ബുദ്ധിയെയും വിധേയമാക്കുന്നതാകുന്നു. ഇതു് പ്രകൃതിവിരുദ്ധമല്ല, പ്രകൃതിയ്ക്കു് ഏററം യോജിച്ച പ്രവർത്തിയാകുന്നു.

വിശുദ്ധഗ്രന്ഥം പറയുന്നു. Tenebraeam non compre henderunt അതായതു് യൂദന്മാരുടെ ഇടയിലേയ്ക്കു ദിവ്യപ്രകാശമായി ചേന്ന ഈശോ അവർക്കു പ്രകാശമായി ഭവിച്ചില്ല, എന്തുകൊണ്ടെന്നാൽ അവർ ഐന്ദ്രീയനിഗ്രഹം അഭ്യസിച്ചില്ല. തത്വജ്ഞൻ സമർത്ഥിക്കുന്നു പരസ്പര വിരുദ്ധങ്ങൾ പേരുകയില്ല ആശാനിഗ്രഹമാകുന്ന ഇരുളിൽ മാത്രം പ്രവേശിക്കുന്ന സത്യപ്രകാശം ഇന്ദ്രിയനിഗ്രഹമില്ലാത്തവരിൽ പ്രവേശിക്കയില്ല. ഇവർ ദൈവപ്രകാശം പ്രാപിക്കാതെ പാപാന്ധകാരത്തിൽ ജീവിക്കും വിശുദ്ധഗ്രന്ഥം പറയുന്നു.

"Quae conventio luci ad tenebram? Fallax est gratia. Vana est pulchritudo. Sapientia hujius mundi stultitia est apud Deum.

തജ്ജമ. ഇരുളുംപ്രകാശവും ഒരേസമയത്തു് ഉണ്ടാവില്ല ചേതനലാവണ്യം പഞ്ചകമത്രെ അഴകവ്യർത്ഥമത്രെ ലൌകികവിജ്ഞാനം ദൈവജ്ഞാനത്തിന്റെ മുമ്പിൽ ഭോഷത്തമാണു് ദൈവജ്ഞാനം നോട്ടവൻ വേണ്ടി ലൌകികജ്ഞാനം ഉപേക്ഷിക്കേണ്ടിവരും ലോകായതികന്മാക്കു് ദൈവമക്കളുടെ സ്വാതന്ത്ര്യമില്ല. തനിക്കുള്ളതെല്ലാം ദൈവം ചോദിക്കുമ്പോൾ കൊടുക്കാതെ ദൈവത്തെ അനുഗമിക്കാൻ സാധിക്കയില്ല.

വിശുദ്ധ ഗ്രന്ഥത്തിലെ ചില സംഭവങ്ങളും മേൽക്കാണുന്ന പഠനങ്ങളെ ദൃഷ്ടാന്തീകരിക്കുന്നു. ഇസ്രായേൽ ജനത്തിനു് ദൈവം വഷ്ടിച്ചുകൊടുത്ത മന്നയെന്ന രുചികരമായ ഭക്ഷണം ആസ്വദിക്കുവാൻ അവർക്കു് സാധിച്ചില്ല; എന്തുകൊണ്ടെന്നാൽ അവർ ദൈവചിത്തത്തിനു് വിരുദ്ധമായി ഈജിപ്തിലെ അടിമത്തത്തിന്റെ ഇറച്ചിക്കലങ്ങളും ആഗ്രഹിച്ചു. ലൗകിക സന്തോഷങ്ങളെ ആശിക്കുന്നവനു് ദൈവത്തെ ആസ്വദിക്കാൻ സാധിക്കയില്ലെന്നു സൂചന. ദൈവം മലയിൽ നിന്നു് മോസസിനെ വിളിച്ചു മൂശ തന്റെ ജനത്തെ മാത്രമല്ല, മൃഗങ്ങളെക്കൂടെയും ദൂരെ നിത്തി, തനിയെചെല്ലാനാണു് ദൈവം കല്പിച്ചതു്. പൂർവ്വപിതാവായ യാക്കോവു് ബെത്തൽ മലയിൽ ഒരു ബലിപീഠം പണതു്, അതിന്മേൽ ദൈവത്തിനു് ബലിയർപ്പിക്കാൻ ആഗ്രഹിച്ചപ്പോൾ ദൈവം മൂന്നു വ്യവസ്ഥകൾ ആദ്ദേഹത്തിനു് നല്കി: 1. ജനങ്ങൾ അന്യദേവന്മാരെ ഉപേക്ഷിക്കണം; 2. തങ്ങളെ ശുദ്ധീകരിക്കണം. 3. പുതിയ വസ്ത്രം ധരിക്കണം. ദൈവചിത്തം വിസ്മരിച്ചു് ലൗകികങ്ങളെ സ്നേഹിക്കുന്നവനു് ദൈവാരാധന സമർപ്പിക്കാൻ സാധിക്കയില്ല. എന്നു് സാരം. ഐന്ദ്രിയ സന്തോഷങ്ങളെ ആഗ്രഹിക്കുന്നവൻ ആഗ്രഹത്തിന്റെ ഏറക്കുറവനുസരിച്ചു്, ദൈവത്തിൽനിന്നകലുന്നു. മക്കളുടെ അപ്പം നായ്ക്കൾക്കു കൊടുക്കുകയില്ല എന്നു് ഈശോ കല്പിച്ചരുളിയിട്ടുണ്ടു്. നായ്ക്കൾ യജമാനന്മാരുടെ മേശയിൽനിന്നു് വീഴുന്ന കഷണങ്ങൾ എടുത്തുകൊണ്ടു് തൃപ്തിപ്പെടുന്നു.

ഐന്ദ്രീയസന്തോഷങ്ങൾ ആത്മാവിൽ ചെയ്യുന്ന നാശങ്ങളെ വിശുദ്ധഗ്രന്ഥം വ്യക്തമാക്കുന്നുണ്ടു്. അവ

ആത്മചൈതന്യം തടയുകയും നാനാതരത്തിന്മകളും വരുത്തുകയും ചെയ്യും.

Duo mala feeerunt populus meus: derelin querunt fontem aquae vivae et foderunt sibi cisternas quae continere non valent aquas.

നാനാതരത്തിന്മകളും അഞ്ചുഗണങ്ങളിൽ പെടുന്നു. 1.ഐന്ദ്രിയാശകളും ആത്മാവിനെ ക്ഷീണിപ്പിക്കുന്നു. ആശകളും ആത്മാവിനെ കുടികൾക്കു സദൃശരാക്കും. ആഗാധരിതർ കുട്ടികളെപ്പോലെ അതുമിതും ആഗ്രഹിച്ചു് വലയുന്നു പനിപിടിച്ചവരെപ്പോലെ അവർ ദാഹത്താൽ വലയും ദാഹം ശമിക്കുകയില്ല. സമുദ്രത്തിൽ സദാ പൊങ്ങിമറിയുന്ന തിരമാലകളും പോലെ ഐന്ദ്രിയാശകൾക്കു് വിധേയനായി വർത്തിക്കുന്നവർ ആശാപാസരഹിതരായിരിക്കും ആശകളെ തൃപ്തിപ്പെടുത്തികളയാമെന്നു് വിചാരിച്ചു് വർത്തിക്കുന്നവർ കത്തുന്ന തീ കെടുത്തുവാനായി ഉണക്കവിറകിട്ടുകൊടുക്കുന്നവരെപ്പോലെ പ്രവർത്തിക്കുന്നു.

2. ലൌകികാശകളും ആത്മാവിനെ മർദ്ദിക്കുന്നു. കയറുകളാൽ വരിഞ്ഞു് കെട്ടപ്പെട്ടവന്റെ പോലുള്ള ബന്ധനങ്ങളാണു് ആശകളും മൂലമുണ്ടാവുക. ആശാനിഗ്രഹത്താൽ കെട്ടുപൊട്ടിക്കാതെ ആത്മാവു് സ്വതന്ത്രയാവുകയില്ല.

3. ആശകളും ആത്മാവിനെ അന്ധമാക്കുന്നു. മേഘം സൂര്യപ്രകാശത്തെ തടയുന്നതുപോലെ ഐന്ദ്രീയാശകളും ദിവ്യപ്രകാശത്തെ തടയുന്നു.

4. ഐന്ദ്രീയസന്തോഷങ്ങളിൽകുടിമപ്പെട്ട ആത്മാവു് താഴത്തൊട്ടവനെപ്പോലെ അഴുക്കാവുന്നു.

5. ഐന്ദ്രീയാശകൾ ആത്മാവിനെ മന്ദീഭവിപ്പിക്കുന്നു; അവൻ സ്ഥിരതയില്ലാതെ വർത്തിക്കും, പുണ്യങ്ങൾ അഭ്യസിക്കയില്ല; ക്രമേണ ആത്മീയ സമ്പത്തെല്ലാം നഷ്ടപ്പെട്ടുപോകയും ചെയ്യും.

ആശാനിഗ്രഹമില്ലാത്തവരെപ്പറ്റിയേൽ പ്രവാചകൻ ഇങ്ങനെവർണ്ണിക്കുന്നു. "അവർ ദൈവത്തിനു് പുറംതിരിഞ്ഞു്, ദുഷ്ട സന്തോഷം തേടുകയും, അശുദ്ധ ദേവതകളെ ആരാധിക്കയും ചെയ്യുന്നു."

വിഷയ വിശദീകരണാർത്ഥം വിശുദ്ധയോഹന്നാൻ ക്ലൈമക്കസ് ഇവിടെ ഒരു ചോദ്യം ഉന്നയിച്ചശേഷം, അതിനുത്തരം നല്കുന്നുണ്ടു്. ദൈവൈക്യത്തിന്റെ ആനന്ദം അനുഭവിക്കാനായി മനുഷ്യൻ നിസ്സാര ഐന്ദ്രീയാശകളെക്കുടെയും പരിത്യജിക്കണമോ? ഉത്തരം: ബുദ്ധികൊണ്ടും മനസ്സുകൊണ്ടും നിയന്ത്രിക്കാൻ കഴിയുന്ന ആശകളെയെല്ലാം നിഗ്രഹിക്കണം. പ്രകൃതിജന്യമായ സകല ആഗ്രഹങ്ങളും നിഗ്രഹിക്കാനാവില്ല. അവ ആത്മാവിനെ കടന്നാക്രമിക്കാതിരിക്കാൻ നോക്കിനിന്നാൽമതി. അലക്ഷ്യമായി കാഴ്ചകൾ കാണാനും വർത്തമാനങ്ങൾ കേൾക്കാനും മറവുമുള്ള ആഗ്രഹങ്ങൾ അപൂർണ്ണതകളെന്നു് വിളിക്കപ്പെടുന്നു. അപൂർണ്ണതകളെയും ദൈവൈക്യത്തിനായി ക്രമേണ നിഗ്രഹിക്കേണ്ടതുണ്ടു്. അല്പകാലവാ പാവദോഷങ്ങളിലേയ്ക്കും പിന്നെ പാവദോഷങ്ങളിലേയ്ക്കും ആത്മാവിനെ നയിക്കും. അപൂർണ്ണതകൾ ശീലമായാൽ പരിച്ഛേദപ്രായാസമാവുകയും ചെയ്യും.

ഇസ്രായേൽ കാനാൻദേശം പിടിച്ചാലുടനെ അവിടെ കാണുന്ന സകലവും നശിപ്പിക്കണമെന്നു് ദൈവംആജ്ഞാപിച്ചു. ഈ കല്പന മനുഷ്യൻ ദൈവൈക്യത്തിലെ

ത്താനായി ചെറിയ ഐന്ദ്രീയാശകളെക്കൂടെയും നിഗ്ര ഹിക്കണമെന്നു് പഠിപ്പിക്കുന്നു.

ആത്മാവു് ഐന്ദ്രീയാശകളുടെ നിഗ്രഹമാകുന്ന ഇരുപംരാത്രി കടക്കുവാൻ സഹായകമായ ഒരു പദ്ധതി വിശുദ്ധ യോഹന്നാൻ ഇവിടെ നല്കുന്നു. ആത്മാവു് ഈ ശോയുടെ പഠനങ്ങളെയും അങ്ങയെത്തന്നെയും സുവി ശേഷങ്ങളിൽനിന്നു് പഠിച്ചു് ധ്യാനിക്കുകയും അവിടെ കാണുന്ന കുരിശിന്റെ വഴിയിൽ ദൈവത്തിങ്കലേയ്ക്കു് യാത്രചെയ്യാൻ ഉത്സാഹിക്കയും വേണം. നിരന്തര പ്രാർ ത്ഥനയുടെ സഹായത്തോടെ ലോകത്തോടും ജഡത്തോടും സാത്താനോടും സമരം ചെയ്യുകയും വേണം.

ഐന്ദ്രിയ ശുദ്ധീകരണം പൂർത്തിയാകുന്നതോടൊ പ്പം ആത്മാവു് "എന്റെ ഭാഗ്യോദയം വന്നണഞ്ഞു." എന്നു് ഗാനാലാപം ചെയ്യുന്നു. ദൈവകൃപാവരത്താൽ ആത്മാവിനു് ഐന്ദ്രിയ ശുദ്ധീകരണം പൂർത്തിയാക്കാൻ കഴിഞ്ഞു എന്നു് സാരം.

ഇപ്പോൾ ആത്മീയ ശുദ്ധീകരണത്തെപ്പറ്റി യുള്ള പ്രബോധനങ്ങളിലേയ്ക്കു കടക്കുന്നു. പ്രാരംഭമായി വിശുദ്ധ യോഹന്നാൻ, ലക്ഷ്യമായ ദൈവൈക്യത്തെപ്പ റ്റി പറയുന്നു. മനുഷ്യമനസ്സു് ദൈവചിത്തത്തോടു് ഐക്യപ്പെടുന്നതാണു് ദൈവൈക്യം ഇതു് സാധിക്കുവാ നായി മനുഷ്യനു് ഒരു വീണ്ടുജനനം ആവശ്യമുണ്ടു് വിശു ദ്ധഗ്രന്ഥം പറയുന്നു. Qui non ex sarguinibus nec ex voluntate carnis sed ex Deo sunt. വേറൊരു വാക്യം Nisi renatur ex aqua et spiritu sancto non potest videre Regnun Dei

അഗ്നിയിൽ ഇരുമ്പു് അഗ്നിമയമായിത്തീരുന്നതു പോ

ലെ ദൈവത്തിൽ ആത്മാവു് ദൈവമയമായിത്തീരുന്ന താണു് മനുഷ്യന്റെ ദൈവൈക്യം

ദൈവൈക്യംനേടാനായി മനുഷ്യൻഇടയ്ക്കിടെചില പുണ്യപ്രവൃത്തികൾചെയ്യുന്നതു മതിയാവില്ല,വിശ്വാസം, ശരണം, ഉപവി തുടങ്ങിയഎല്ലാപുണ്യങ്ങളിലും പൂർണ്ണരാവാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കണം അടിസ്ഥാന പുണ്യം വിശ്വാസമത്രെ

ആത്മീയ ശുദ്ധീകരണത്തെപ്പററി വിശുദ്ധൻ രചിച്ചുള്ള ശ്ലോകത്തിന്റെ തർജ്ജമ.—

ഭദ്രതയുറയിരുളിൽ— ശുദ്ധ
മാശ്രമം ഗോവണിയേറി
പ്രച്ഛന്നവേഷമെടുത്തു — വേഗ
മന്ധകാരത്തിൽ മറഞ്ഞേൻ.
ആത്മാവു ശുദ്ധമായ്ത്തീർന്നു — നിത്യ
ഭാഗ്യോദയം വന്നണഞ്ഞു

ശ്ലോകത്തിന്റെ ആകമാനമായ അർത്ഥം: ഐന്ദ്രീയ ശുദ്ധീകരണത്തെപ്പററി പ്രതിപാദിച്ചപ്പോൾ വിശുദ്ധൻ; ആത്മാവു് ഇരുൾ രാത്രി കടന്നുവെന്നാണു് പാടിയതു്, ആത്മീയ ശുദ്ധീകരണത്തിലാവട്ടെ, ഇരുൾ രാത്രിയല്ല, ഇരുൾ കടന്നുവെന്നു പാടുന്നു. "ഭദ്രതയുറയിരുളിൽ" ഇരുൾ രാത്രിയും ഇരുളും തമ്മിൽ വ്യത്യാസം ഉണ്ടു്. രാത്രിയിൽ കാഴ്ച മുഴവനും ഇല്ലാതാവുന്നില്ല, ഇരുളിലാകട്ടെ ഒട്ടും കാഴ്ചയില്ല. ഇരുൾരാത്രി ആത്മാവു് കടക്കവെ, ദൈവസ്നേഹവികാരത്തള്ളൽ ആത്മാവിനു് ശക്തി നല്കിക്കൊണ്ടിരുന്നു. ഇരുളിലാകട്ടെ പ്രസ്തുതാനുഭവം ഇല്ല. വിശ്വാസത്തിന്റെ ഇരുളിൽ അവൾ ശുദ്ധീകരിക്കപ്പെട്ടു. വി

ശ്വാസം ദൈവൈക്യത്തിലേയ്ക്കുള്ള ആത്മാവിന്റെ ഗോവണിയായി "ഗ്രഡമാഗ്ദമം ഗോവണിയേറി". വിശ്വാസം ആത്മാവിനു് പ്രച്ഛന്നവേഷവുമായി: "പ്രച്ഛന്നവേഷമെടുത്തു". വിശ്വാസജീവിതം നയിക്കുന്ന ആത്മാവിനെ മഹാശത്രുവായ സാത്താനുപോലും തിന്മയിലേയ്ക്കു് പ്രലോഭിപ്പിക്കാൻ സാധിക്കയില്ല.

ഇപ്പോൾ വിശുദ്ധൻ ശ്ലോകത്തിന്റെ മുറിച്ചുള്ള അർത്ഥം നല്കുന്നു: ആത്മാവിന്റെ വിശ്വാസജീവിതം ഉരുളാവുന്നതെങ്ങിനെ? വേദശാസ്ത്രജ്ഞന്മാർ വിശ്വാസത്തെ ഇപ്രകാരം നിർവ്വചിക്കുന്നു: വിശ്വാസം ആത്മാവിനു് ദിവ്യപ്രകാശം നല്കുന്ന ഒരു ദൈവിക പുണ്യമാണെങ്കിലും അതു് ഇരുളാകുന്നു; എന്തുകൊണ്ടെന്നാൽ മനുഷ്യൻ വിശ്വസിക്കാനായി ദൈവം വെളിപ്പെടുത്തുന്ന സത്യങ്ങൾ അവന്റെ ബുദ്ധിക്കതീതങ്ങളാകുന്നു. വിശ്വാസപ്രകാശം ബുദ്ധിയുടെ സ്വാഭാവിക പ്രകാശത്തെ ഇരുട്ടിക്കളയുന്നു. സൂര്യപ്രകാശത്തിൽ മെഴുകുതിരിയുടെ പ്രകാശം കാണാതാകുന്നുവല്ലൊ.

തത്വജ്ഞൻ പറയുന്നു. Exobjecto et potentia paritur notitia അതായതു് ജ്ഞാനവിഷയവും ബുദ്ധിയുടെ കഴിവും ചേരുമ്പോൾ ജ്ഞാനം ഉണ്ടാകുന്നു. കാഴ്ചയാലൊ മറ്റൊരുതെങ്കിലും തരത്തിലെ പരിചയപ്പെട്ടിട്ടില്ലാത്ത ഒരു വസ്തുവിനെപ്പറ്റി ആരെങ്കിലും സംസാരിക്കുന്നതു് സ്വീകരിക്കാൻ സാധിക്കുന്നതു് യുക്തിയുടെ പ്രവർത്തനത്താലല്ല, സംസാരിക്കുന്നവനിൽ വിശ്വസിച്ചുകൊണ്ടു് മാത്രമാണു്. ദിവ്യസത്യങ്ങൾ സ്വീകരിക്കാൻ സാധിക്കുന്നതു് ഇങ്ങനെ മാത്രമാണു്. Fides ex auditu എന്ന വിശുദ്ധഗ്രന്ഥം പറയുന്നു. ദൈവവിശ്വാസത്തിന്റെ വി

ഷയം മനുഷ്യബുദ്ധിക്കതീതമായ ദിവ്യവെളിപാടുകളാക
ന്നു. അതിനാൽ വിശ്വാസപ്രകാശം ബുദ്ധിയുടെ ചെറിയ
പ്രകാശത്തെ ഇരുട്ടികളയുന്നു.

അതിനാൽ വിശ്വാസമെന്ന ദൈവദാനംവഴി ദൈവ
ത്തോട് ഐക്യപ്പെടുവാൻ വേണ്ടിആത്മാവു്തന്റെസ്വാ
ഭാവികപ്രകാശത്തെ ഉപേക്ഷിക്കണം കൂടെ നല്ലാത്തവൻമ
റൊരുവനെ കൈയ്യ്ിപിടിച്ചുനടക്കുവാൻ മനസ്സാവില്ല.
അപ്രകാരംതന്നെസ്വാഭാവികബുദ്ധിപ്രകാശത്തെഉപേക്ഷി
ക്കാതെ വിശ്വാസദാനം സ്വീകരിക്കാൻ സാധിക്കയില്ല.

വിശ്വാസത്തിന്റെ ഇരുൾ വലിയ പ്രകാശമാണെ
ന്നു് പറഞ്ഞല്ലൊ. എന്തുകൊണ്ടെന്നാൽ വിശ്വാസ ദാനം
സ്വീകരിക്കുന്നവനു് ദിവ്യപ്രകാശത്തിൽ ദിവ്യവെളിപാട
കളം സ്വീകരിക്കാൻ കഴിയും. ഇതിനെ വിശുദ്ധ ഗ്രന്ഥം
ഇപ്രകാരം ദൃഷ്ടാന്തീകരിക്കുന്നു. ദൈവം ഇസ്രായേൽ ജന
ങ്ങളംക്കു് മരുഭൂമിയിൽകൂടി യാത്രചെയ്യാൻ വേണ്ട പ്രകാ
ശം നല്കിയതു് മേഘത്തിനു് വഴിയാണു്.

ദൈവ ഐക്യത്തിലേയ്ക്കു് മനുഷ്യനെ അടുപ്പിക്ക
ന്ന പ്രകൃത്യതീതമായ പ്രകാശം വിശ്വാസത്തിന്റെ
ഇരുളത്രെ. കണ്ണുകണ്ടിട്ടില്ലാത്തതും ചെവികേട്ടിട്ടില്ലാത്ത
തും മനുഷ്യ ഹൃദയത്തിൽ പ്രവേശിച്ചിട്ടില്ലാത്തതുമായ ദി
വ്യരഹസ്യങ്ങളാണു് വിശ്വാസ വിഷയങ്ങൾ എന്നു് വി
ശുദ്ധഗ്രന്ഥം സാക്ഷിക്കുന്നു. Aceedentem ad Deum
opportet credere Deum esse, അതായതു് ദൈവത്തി
ങ്കലെത്താനായി ദൈവമുണ്ടെന്നു് വിശ്വസിക്കണം

വിശ്വാസത്തിന്റെ ഇരുളിൽ പ്രവേശിക്കാനായി, അഥവാ, ആത്മശുദ്ധീകരണം സാധിക്കാനായി ആ ആത്മാവു് പരിത്യജിക്കേണ്ടവ എന്തെല്ലാമാണെന്നു് വിശുദ്ധ യോഹന്നാൻക്രൂസു് ചുണ്ടിക്കാണിക്കുന്നു. സ്വാഭാവികജ്ഞാനവും, അതിസ്വാഭാവികമായി ലഭിക്കുന്ന ചില അനുഭവങ്ങളും അവഗണിക്കണം. ദൈവസ്നേഹപൂർണ്ണതയ്ക്കായി അദ്ധ്വാനിക്കുന്ന ആത്മാക്കൾക്കു് ദൈവം താല്ക്കാലികമായി ചില അതിസ്വാഭാവിക കാഴ്ചകളും കേൾവികളും, രുചികളും അനുഭവങ്ങളും നല്കാറുണ്ടു് ഇവയെയും ആത്മാവു് ദൈവൈക്യത്തിനായി അവഗണിക്കണമെന്നാണു് വിശുദ്ധൻ സമർത്ഥിക്കുന്നതു്. ഇതു് അഹംഭാവമല്ലേ എന്നു് തോന്നാം. അല്ല എന്നു് വിശുദ്ധൻ കാണിക്കുന്നു. വിശ്വാസത്തിനു് സഹായകമായ വിധത്തിൽ മേൽപറഞ്ഞ ദിവ്യദാനങ്ങൾ ഉപയോഗിക്കാൻ മാത്രമാണു്. അവ നല്കപ്പെടുന്നതു് വിശ്വാസവളർച്ചയ്ക്കാപ്പം അവയുടെ ആവശ്യം ഇല്ലാതാവും പുണ്യജീവിതത്തിന്റെ ആരംഭദശയിലാണു് ദൈവം മേൽപറഞ്ഞ അതിസ്വാഭാവികകാഴ്ചകളും മറ്റും ആത്മാവിനു് നല്കുന്നതു്

അവയെ അവഗണിക്കേണ്ട സമയം എപ്പോളാണെന്നു് വിശുദ്ധൻ പഠിപ്പിക്കുന്നു: അവ വിശ്വാസജീവിതത്തിനു് പ്രതിബന്ധമാകാൻ തുടങ്ങുമ്പോൾ അവയെ അവഗണിക്കണം. മൂന്നു കാരണങ്ങൾ അദ്ദേഹം നല്കുന്നു: 1 മേൽപറഞ്ഞ അതിസ്വാഭാവികാനുഭവങ്ങൾ വിശ്വാസജീവിതത്തിനു് തടവു ചെയ്യുകയും; 2. ആത്മാവിനു് അവ വിരസമായി ഭവിക്കയും; 3. ആത്മാവു് ഏകാന്തത്തിൽ ദൈവത്തെ ധ്യാനിക്കാൻ ഇഷ്ടപ്പെടുകയും ചെയ്യു

മ്പോൾ ദിവ്യകാഴ്ചകളും മറവും അവഗണിക്കാൻ സമയ
മായി

ദൈവികകാഴ്ചകളും കേൾവികളും അവിവേകമായി ഉപകരിപ്പിക്കാൻ ശ്രമിച്ച ചിലക്കു് പറഞ്ഞിരിയ അംശങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ വായിക്കാൻ കഴിയും. —

ദൈവം അബ്രാഹത്തോടു് ഒരിക്കൽ ഇങ്ങിനെ സംസാരിച്ചു. "കാനാൻദേശം നിനക്കു ഞാൻ തരും" ഈ വാഗ്ദാനം ദൈവം ആവർത്തിച്ചു കൊണ്ടിരുന്നു. പക്ഷേ കാലം കുറെ കഴിഞ്ഞിട്ടും ദൈവവാഗ്ദാനം നിറവേറാനുള്ളലക്ഷണമൊന്നും കണ്ടാഞ്ഞതിനാൽ അബ്രാഹം ദൈവത്തോടു് സങ്കടം പറഞ്ഞു "കർത്താവേ, ഇനി എന്നാണു് കാനൻദേശം എനിക്കേറുതാവുക?" ദൈവം ഉത്തരമരുളി: "നീയല്ല, നിന്റെ സന്തതികളായിരിക്കും കാനാൻ കൈവശപ്പെടുത്തുക" അബ്രാഹം ഉടനെ തനിക്കുപറഞ്ഞിരിയ അംശം സമ്മതിച്ചു.

പൂർവ്വപിതാവായ യാക്കോബു് ഒരിക്കൽ ക്ഷാമംമൂലം ഭക്ഷണംതേടി ഈജിപ്തിലേയ്ക്കു് പോകേണ്ടിവന്നു. തദവസരത്തിൽ ദൈവം അയാളോടു പറഞ്ഞു. "ഞാൻ നിന്നെ ഈജിപ്തിൽനിന്നുകൊണ്ടുപോരും" പക്ഷേ യാക്കോബു് പ്രതീക്ഷിച്ചതുപോലെയല്ല സംഭവിച്ചതു് അയാൾ ഈജിപ്തിൽ തന്നെ മരിക്കയും, മകൻ പിതാവിന്റെ മൃതശരീരം സ്വന്തനാട്ടിൽ കൊണ്ടുപോയി അടക്കുകയുംചെയ്തു.

ഒരിക്കൽ ഇസ്രായേൽക്കാർ ദൈവത്തോടു്, "ഞങ്ങൾ ശത്രുക്കളോടു് യുദ്ധം ചെയ്യാൻ പോകട്ടെ" എന്നു ചോദിച്ചു. "പോവുക" എന്നു് മറുപടി ലഭിക്കുകയും അവർ പോയി യുദ്ധംചെയ്യുകയുംചെയ്തു. പക്ഷേ വലിയ പരാജയം ഉണ്ടായി; സങ്കടപ്പെട്ടു. വേറൊരവസരത്തിൽ, ഞങ്ങളിപ്പോൾ

യുദ്ധത്തിനു് പോകണമോ?" എന്നു് ദൈവത്തോടു ചോദിച്ചു പോവുകയെന്നു് മറുപടി ലഭിച്ച ശേഷം അവർ പോയി യുദ്ധം ചെയ്തു. ഇപ്രാവശ്യവും അവർവലിയ നാശനഷ്ടങ്ങളോടെ തോൽവിയടഞ്ഞു. സീമാതീതമായ സങ്കടത്തിലായ അവരെ ആശ്വസിപ്പിച്ചുകൊണ്ടു് ദൈവം അരുൾചെയ്തു. "നിങ്ങൾ ഒരു ചെറിയ സൈന്യത്തെ അയച്ചു് ശത്രുവിന്റെ മഹാസൈന്യത്തെ തോല്പിക്കുവിൻ". ആ ചെറുസൈന്യം മഹാവിജയം നേടുകയും ചെയ്തു. ദൈവം മേൽപ്രകാരം പറയുകയും പ്രവർത്തിക്കയും ചെയ്തതു് എന്തുകൊണ്ടെന്നു് ശരിയായി മനസ്സിലാക്കിയാൽ നാം പരിഭ്രാന്തരാവുകയില്ല. ദൈവം ഇസ്രായേൽക്കാരെ അവരുടെ അകൃത്യങ്ങളെക്കുറിച്ചു് ഒന്നു് ശിക്ഷിക്കാൻ തിരുവുള്ളമായി. ശിക്ഷയ്ക്കുശേഷം അവർക്കുവിജയം കൊടുത്തു ആദ്യത്തെ രണ്ടു യുദ്ധങ്ങളിൽ ദൈവം വിജയം വാഗ്ദാനം ചെയ്തിട്ടില്ലായിരുന്നു; പോകാനേ പറഞ്ഞുള്ളു. ഇവിടെ ഒരു സൂചന വിശുദ്ധയോഹന്നാൻ നല്കുന്നു. പൂർവ്വകാലങ്ങളിൽ ഇസ്രായേൽജനം ദൈവത്തോടാലോചിച്ചശേഷം മാത്രം എന്തെങ്കിലും ചെയ്യേണ്ടിയിരുന്നു. എന്നാൽ ക്രിസ്തു വന്നു് വിശ്വാസസത്യങ്ങൾ പ്രഖ്യാപിക്കയും അവ തുടർന്നു പഠിപ്പിക്കാൻ കത്തോലിക്കാസഭയെ ചുമതലപ്പെടുത്തുകയും, പരിശുദ്ധാത്മാവിയെ ലോകത്തിലേയ്ക്കു അയയ്ക്കുകയും ചെയ്തിരിക്കുന്നതിനാൽ ഇനി മനുഷ്യർ ദൈവത്തിൽനിന്നു് കേൾവികളും കാഴ്ചകളും ചോദിക്കേണ്ടതല്ല വിശ്വാസമാർഗ്ഗത്തിൽ ജീവിക്കണം എന്നാൽ വല്ലപ്പോഴും ദൈവം വല്ലവർക്കും പ്രത്യേകകാഴ്ചകളോ കേൾവികളൊ നല്കിയാൽ മേൽക്കാണിച്ചിട്ടുള്ളതുപോലെ ഇവയെ അവഗണിക്കുകയാണു് വേണ്ടതു്. അല്ലെങ്കിൽ അപകടത്തിൽപെടും വഞ്ചകനായ സാത്താൻ കെണിവെക്കുമെന്നും ഓർക്കണം.

"അക്ഷരം കൊല്ലുന്നു; വിശ്വാസം ജീവിപ്പിക്കുന്നു" എന്ന വിശുദ്ധവാക്യം ഇവിടെ സന്ദർഭോചിതമായിരിക്കുന്നു

ദൈവൈക്യത്തിനു് വേണ്ടിയുള്ള കഠിനപ്രയത്നവും ആത്മീയവുമായ ശുദ്ധീകരണത്തിന്റെ അവസാനഘട്ടത്തിൽ ദൈവം അസാധാരണവും ആശ്ചര്യാവഹവുമായ ഒരു ശുദ്ധീകരണകർമ്മം കൂടെയും ആത്മാവിൽ നിവൃത്തിക്കുമ്പോൾ മാത്രമാണു് ആത്മാവു് പൂർണ്ണശുദ്ധിപ്രാപിക്കുക. ഈ ശുദ്ധീകരണവേളയിൽ ആത്മാവിനു് സമ്മതം നല്കുകയല്ലാതെ മറെറാന്നും ചെയ്യാനാവില്ല. പ്രസ്തുതശുദ്ധീകരണത്തോടുകൂടിമാത്രമെ ആത്മാവു് തന്റെ ആത്മപ്രശംസകളും പരവിമർശനങ്ങളും പൂർണ്ണമായി ഉപേക്ഷിക്കുകയുള്ളു.

സുവിശേഷത്തിൽ പറയുന്ന ഇടുങ്ങിയ വാതിലും കരിശിന്റെ വഴിയുമാണു് ശുദ്ധീകരണമാർഗ്ഗം. ശുദ്ധീകരണം പൂർത്തിയതാകുന്നതോടൊപ്പം ആത്മാവു് പാടുന്നു

3

സ്വർഗ്ഗീയദീപമല്ലാതെ—മറെറ
ദീപങ്ങളൊന്നുമില്ലാതെ,
അങ്ങിങ്ങുനോക്കാതെ യെന്നിൽ—മറെറ
ദൃഷ്ടികൾ വീഴാതെ യേവം,
ഞാൻ കടന്നു പോന്നരാത്രി—യെത്ര
സന്തോഷമെന്നിൽപകർന്നു!

4

എന്നെ നയിച്ചതാം ദീപം—അഹോ!
മദ്ധ്യാഹ്നസൂര്യനെ വെല്ലും
വൻപ്രഭാപൂരം പരത്തി—ആത്മ
വീ ര്യംപകർന്നു, പകർന്നു,
ദിവ്യമാം ഭാഗ്യത്തിലേയ്ക്കായ്—എന്നെ
മാർഗ്ഗം പഠിപ്പിച്ചതെയ്തേറെ!

5

എൻഭാഗ്യ കാരണമായി—ത്തീർന്ന
രാത്രിയിതാരു വർണ്ണിക്കും?
നവ്യസൂര്യോദയത്തെക്കാളും—അതു
സന്തോഷദായകമായി

6

വത്സലാ നീയൊന്നറിഞ്ഞൂ—നിന്റെ
പൂർണമത്തയാണെന്റെയുള്ളം
സീതാർ മരങ്ങളേ, നിങ്ങളും—പാടുക
മെത്രയും പൂന്തണൽ നൽകൂ.

7

നാഥന്റെ കണ്ണുകൾ നോക്കൂ—അവ
എന്നെ വീക്ഷിക്കുന്നുവല്ലോ!
മോഹനമാം തൻ കരങ്ങൾ—എന്റെ
കണ്ണുനീർതുടച്ചിപ്പോൾ

8

എന്നെ ഞാൻതന്നെമറന്നു, ക്ഷണം
എൻ മുഖം നാഥനെ മൂടി;
നാഥനും ഞാനുമൊന്നായി—ഇതാ!
നിത്യജീവൻകൽ ഒരുമനസ്സായി.

ഇനി വിശുദ്ധ യോഹന്നാൻ ക്രൂസ് തന്റെ അദ്ധ്യാത്മ ഗീതത്തിൽ ചേർത്തിക്കുന്ന പാഠങ്ങൾ ഞാൻ പാടട്ടെ. വിശദീകരണവും കൂടെ ഉൾക്കൊള്ളിച്ച് ഞാൻ രചിച്ചിട്ടുള്ള ഗാനം കേൾക്കുവിൻ

9

ആത്മാവ്

ക്രൂശിതാ എന്റെ പരമാനന്ദമേ,
എന്നു ഞാൻ നിൻ മുഖം കാണും?
താതനാം ദൈവത്തിൽ
നിത്യം ജീവിക്കുന്ന
പുത്രനാമീശോ, എൻ നാഥാ,

10

ദൂരമായോട്ടം നിത്യ
താതനോട്ടം ചെന്നെൻ
അന്തരാത്മാവിൽ നീ വാഴ്ക

11

ദൈവസ്നേഹാസ്ത്രത്താൽ
എന്നുടെയാത്മത്തെ
നീതാൻ മുളച്ചല്ലൊ, നാഥാ!

12

സ്നേഹത്താൽ നീയെന്റെ
സ്വന്തമായ് ത്തീരുവാൻ,
ആഗ്രഹമെന്നിൽ വളർന്നു

13

പിന്നെയിതെന്തിപ്പോൾ
മാൻപേട പോലെ നീ,
എന്നെ വിട്ടേവം മറഞ്ഞു?

14

വിശ്രമമില്ലാതെ.
നിന്നെക്കണ്ടെത്തുവാൻ
ഞാനോടിയോടിക്കിതച്ചു.

15

സ്നേഹത്താൽ പുഷ്പിച്ച
വാഞ്ഛകളാമെന്റെ
നല്ലൊരജപാലകരേ,

16

പോകുവിൻ വേഗേന
നാഥനെക്കാണുവാൻ
നാഥന്റെ ദൂത വഹിപ്പിൻ

17

പർവ്വത ശൃംഗത്തിൽ
നാഥനെക്കാണുവാൻ
നിങ്ങൾക്കു സാധ്യമായ്ത്തീരും

18

മാലാഖാമാരൊത്തു
പോകുവിൻനിങ്ങളാ
ദൂതന്മാർ നൽവഴികാട്ടും

19

നാഥനെക്കാണുമ്പോൾ
എന്റെ പരാതികൾ
വേഗമറിയിച്ചിടേണം:

20

"സ്നേഹത്താൽ വാടി ഞാൻ,
സങ്കടാധീനയായ്
മൃത്യുവിൻവാതിലിലെത്തി"

21

പുണ്യമലകളിൽ
സ്നേഹ നാഥാ നിന്നെ
സന്തോഷമോടു ഞാൻ തേടും

22

കുന്നുകൾ തോടുക–
ളെല്ലാം കടക്കും ഞാൻ
പുണ്യങ്ങളെല്ലാം ഞാൻചെയ്യും

23

മാർഗ്ഗ മദ്ധ്യേ പൂത്തു
നില്പും ലതകളെ
നോക്കാതെഞാൻവേഗമോടും

24

നന്മസ്വരൂപിയാം
നാഥാ നീയല്ലാതെ
മറെറാന്നുംവേണ്ടെനിക്കേതും

25

ലോകം, പിശാചുക്കൾ,
ശരീര ഗേഹമീ
ശത്രുക്കളെ ഞാൻ ജയിക്കും.

26

അഗ്നിയേ, വെള്ളമേ,
പഞ്ചഭൂതങ്ങളേ,
നിങ്ങളെൻ നാഥനെക്കണ്ടോ?

27

സൃഷ്ടങ്ങൾ:

സ്രഷ്ടാവു ഞങ്ങളി–
ലായിരം ദാനങ്ങൾ
വഷ്ടിച്ചിരിക്കയാണിപ്പോൾ.

28

ആത്മാവ്: തുടരുന്നു:

കർത്താവിൻ ദിവ്യമാം
നോട്ടം വീഴുന്നെന്നിൽ,
സന്തോഷമെന്നിൽ വളരുന്നു

29

നാഥാ, നിൻ സൃഷ്ടികൾ
നല്കിയൊരുത്തരം
ചേർത്തില്ലൊരുല്ലാസമെന്നിൽ;

30

നിന്റെ സാന്നിദ്ധ്യത്തെ
നീ തന്നെ നല്കണം
ഭാഗ്യത്തിൽഞാൻവന്നുചേരാൻ

31

സ്നേഹ ധ്വനികളെ
സ്നേഹം കരിച്ചീടാൻ
നീയെന്നിൽ വാഴണേനിത്യം

32

മർത്ത്യരും ദൈവത്തിൻ
ദൂതരും നിൻ കാര്യം
എന്തോ പറയുന്നു, കേൾക്കാം

33

നിൻ മുമ്പിലെത്തുവാൻ
വാഞ്ഛിച്ചു, വാഞ്ഛിച്ചു,
മൃത്യുവിനായ് ഞാൻകൊതിച്ചു

34

സ്നേഹമുരിവോരാ
ഞാനിപ്പോളെങ്ങിനെ
ജീവിതം വ്യർത്ഥം തുടരും?

35

എന്തെന്നാലാത്മാവിൻ
ജീവനാം ദൈവത്വം
എൻബുദ്ധിയിൽപ്രകാശിച്ചു.

36

നാഥാ ഈ മാനിനെ
നീയല്ലോ സ്നേഹത്താ-
ലിങ്ങിനെ കുത്തിമുറിച്ചു?

37

പിന്നെ നീയെന്തുകൊ-
ണ്ടിങ്ങിനെയിന്നതു
സ്വന്തമാക്കാതെ മറഞ്ഞു?

38

സ്നേഹനാഥാ, എന്റെ
സങ്കടം തീർക്കുവാൻ
നീയെന്നിൽ വന്നു വസിക്കൂ

39

എന്തെന്നാലെൻ കണ്ണു
നിന്നെക്കണ്ടെത്താനായ്
മറ്റൊരു മാർഗ്ഗവുമില്ല;

40

നീയെന്റെ കണ്ണിൽ പ്ര-
കാശം പരത്തുന്നു:
നിന്നെ ഞാൻ കണ്ടാനന്ദിക്കും.

41

പ്രവചനം

ഓസീ പ്രവാചകൻ
ഇങ്ങിനെ ഓതുന്നു:
'വിശ്വാസംനിന്നെരക്ഷിക്കും'

42

ആത്മാവു് തുടരുന്നു:

ദൈവീവിശ്വാസമാം
ശുദ്ധമാം രത്നമേ,
നാഥന്റെ ജ്ഞാനം തരിക.

43

വിശ്വാസ വാക്യമാം
വെള്ളിപ്പൂപ്പലിന്റെ
ഉള്ളിലെ സത്യമാം പൊന്നേ,

44

വേഗം തിരശ്ശീല
നീക്കിയെൻ നാഥനെ
ഞാനെത്തി നോക്കുന്ന മെല്ലെ

45

നാഥാ, നിൻ പക്കൽപ്പ –
റന്നുവന്നെത്തുവാൻ
ശക്തിയെനിക്കു നീ നൽകൂ.

46

നാഥൻ:

പാക്കാരായില്ല ;
പേടിവേണ്ടേതുമെ ;
ശരീരേ തന്നെ വസിക്കൂ.

47

എന്നെ ധ്യാനിക്കുവാൻ
ശക്തി ഞാൻ നല്കിടാം;
ധ്യാനിക്കൂ പേടികൂടാതെ.

48

വത്സലേ, നിന്നുടെ
സ്നേഹം നിമിത്തം, ഈ
ഞാനും പ്രണിതനായ്ത്തീർന്നു.

49

ആത്മാവ് ഉടനുണ്ട്:
നാഥാ, ഞാൻ ധ്യാനിക്കാം;
ലോകമുപേക്ഷിക്കാം
നല്ലണ്ണേ, നിൻെറ വരങ്ങാം

50

നീതിമാൻ നോഹിൻെറ
പ്രാവിനെപ്പോലെ ഞാൻ
ലോകത്തിലാശ്വാസം തേടി.

51

എന്നാലിപ്പോളിതാ!
ലോകമുപേക്ഷിച്ച്
നിൻ പക്കലേയ്ക്കു ഞാനെത്തി

52

നാഥാ, മലയേറ്റ—
പമിക്കും നിന്നെ ഞാൻ:
എന്തെന്നാലത്യന്തൻ നീ.

53

പൊങ്ങി വിളങ്ങുന്ന
മാമലപോലെ നീ
സമ്പൂർണ്ണ നന്മയാണല്ലൊ

54

മലയോരത്തിലെ
സുഗന്ധപുഷ്പങ്ങ —
ളാണു നിൻ മനോഹരത.

55

കേദാര ദേശങ്ങാം
നാഥാ, നിൻമോഹന
ചിത്രമായ്ക്കാണപ്പെടുന്നു

56

നാഥാ, നീഎൻ തണൽ
നാഥാ, നീ എൻ സുഖം,
നാഥാ നീ എൻെറ മരുന്നു.

57

പാരം വിശാലമായ്
ദൂരത്തു കാണുന്ന
ദീപാണുനീയെൻറനാഥാ

58

ലോകമുപേക്ഷിച്ച്,
മർത്ത്യരാദീപിൻെറ
തീരത്തിറങ്ങണമല്ലോ

59

ഗർജ്ജിച്ചൊഴുകുന്ന
നിർത്തരിയാണെൻെറ
വാത്സല്യമേറുന്ന നാഥൻ.

60

എന്തെന്നാൽ ശക്തമാം
പ്രേരണയാലെന്നെ
സ്നേഹത്തിലേയ്ക്കു നയിച്ചു

61

പായുന്ന വെള്ളത്താ—
ലെന്നപോൽ എൻമനം
ദിവ്യജലത്താൽ നിറഞ്ഞു

62

ഒഴുക്കിൻ ഗർജ്ജനം
മറുശബ്ദങ്ങളെ
ഒന്നായ് വിഴുങ്ങിക്കളഞ്ഞു,

63

കാറേറ, നിൻലോല ച—
ലനങ്ങളും നാഥൻെറ
ഓർമ്മ ജനിപ്പിച്ചീടുന്നു.

64

മാനുഷർ ഉറങ്ങി
ആശ്വസിച്ചീടുന്ന
രാത്രിയുമാണെൻെറ നാഥൻ.

65

എന്തെന്നാലെൻ നാഥാ,
നിൻ ദിവ്യജ്ഞാനത്താൽ
അങ്ങിൽ ഞാനുറങ്ങീടുന്നു.

66

നിദ്രതൻ നേരത്തും
നിത്യകതിരോനാം
നിന്നെ ഞാനോർക്കുന്നു നിത്യം

67

സ്വർഗ്ഗീയ സൂര്യനാം
നാഥാ, നീ വേഗം വ—
ന്നെന്നിലുദയം ചെയ്യണേ,

68

നാഥാ, നിൻദാനമാം
ദിവ്യോന്നതജ്ഞാനം
സ്വരമില്ലാഗാനമത്രെ.

69

ശബ്ദം മുഴങ്ങുന്ന
ഒഴിഞ്ഞ ഗ്രഹയും
ആകുന്നെൻ നാഥാ അങ്ങുന്നു.

70

എന്തെന്നാലെൻെറ ഇ—
ന്ദ്രിയങ്ങൾക്കുപരി
ആത്മാവു നിന്നെക്കേൾക്കുന്നു.

71

അന്യോന്യ സ്നേഹത്തെ
ഉജ്ജ്വലിപ്പിക്കുന്ന
ഭക്ഷണമല്ലൊ നീ,നാഥാ.

72

എന്തെന്നാൽ സ്നേഹത്തെ
എന്നിൽക്കത്തിക്കുന്ന
പരമസ്നേഹമാണു നീ

73

പ്രസ്തുത സ്നേഹത്തി-
ന്നൊത്ത ദിവ്യജ്ഞാനം
ഭക്ഷണമായ് വിളമ്പുന്നു

74

സ്നേഹനാഥാ, മേലിൽ
നീചലോക സ്നേഹം
എന്നിൽക്കൂടികൊള്ളുകില്ല.

75

വത്സലാ, നമ്മുടെ
നിത്യമണവറ
എത്ര മനോഹരമല്ല

76

പുണ്യങ്ങളാകുന്ന
പൂക്കളെ നാഥാ, നീ
എന്നാത്മാവിൽ വിതറുക.

77

നാഥാ, എന്നിൽ സ്നേഹം
വളർത്തും പുണ്യങ്ങൾ
സിംഹമാളങ്ങളാകുന്നു.

78

എന്തെന്നാൽ ലൌകിക
സ്നേഹങ്ങളോരോന്നും
പുണ്യം ഭയപ്പെട്ടോടുന്നു.

79

ഉപവിയാകുന്ന
രാജകീയപുണ്യം
നാഥാ, എന്നിൽ വളർത്തണേ.

80

ഈ പുണ്യമാണല്ലൊ
എല്ലാ പുണ്യങ്ങളും
രാജകീയങ്ങളാക്കുന്നു.

81

നാഥാ, നീ വസിക്കും
മാനുഷാത്മാക്കളിൽ
ശാന്തി വിടർന്നു വിളങ്ങും.

82

അവരിൽ ലോകവും;
സാത്താനും, ജഡവും
വിജയം വരിക്കുകയില്ല.

83

ശ്ലേമ്മോന്റെ മെത്തയ്ക്കു
ചുറവംകവാൽനിന്ന
ആയുധപാണികളെപ്പോൽ,

84

ദിവ്യ പുണ്യങ്ങളും
ദാനങ്ങളുമായ
സ്വർണ്ണപ്പരിശാ വലയും,

85

ആത്മാവിന്റെ ശക്തി
സംരക്ഷണമായി
കാവൽ സദാ നിന്നീടുന്നു.

86

സ്നേഹചൈതന്യം പ്രാ-
പിച്ച യുവതികൾ
നാഥാ,നിൻ പാതയിലൂടെ,

87

ശ്രദ്ധാശുചിയുടെ
മധുരം നുകർന്നു,
നൃത്തം കളിച്ചോടീടുന്നു.

88

ഓടിയെത്തീടുന്ന
എന്നെ നോക്കി നാഥൻ
വീഞ്ഞാ ഊറ്റിനീടുന്നു.

89

എന്തെന്നാലവിടെ
ലോകം മറന്നിട്ട്
സ്നേഹോന്മത്തയാകണംഞാൻ

90

നാഥാ, നിൻ ഊറുന്ന
ഹൃദയേ ഞാനിപ്പോൾ
ദിവ്യരഹസ്യം കാണുന്നു.

91

നാഥാ, ഈ കാഴ്ചയാൽ
പാരവശ്യമെന്നെ
ആക്രമിക്കാൻ തുടങ്ങുന്നു

92

ഞാനെന്റെ ശക്തിയും,
സർവ്വവസ്തുക്കളും,
നാഥാ, നിന്നെ ശുശ്രൂഷിക്കാൻ

93

അർപ്പിച്ചീടുന്നിതാ;
സ്നേഹത്തിലല്ലാതെ
യതൊന്നുംചെയ്തില്ലിനിഞാൻ

94

സ്നേഹപൂർണ്ണതയ്ക്കായ്
ബുദ്ധിമുട്ടീടുന്ന
എന്നെ ലോകംകാണാത്ത
പ്പോൾ

95

ലോകത്തിന്നേതു മു —
പകാരമാരറവും
എന്നെന്നെ ലോകം വിധിക്കും

96

എന്നാലും നാഥാ, ഞാൻ
സത്യം സത്യമായി
നിന്നിൽ സമ്പന്നയാകുന്നു.

97

നാഥാ, നിന്നുദ്യാന
മാകുന്നെന്നാത്മാവിൽ
നമുക്കൊന്നിച്ചുല്ലസിക്കാം

98

നിന്റെ ദാനങ്ങളാം
രത്നമണികളും,
പൂക്കളാമെൻ പുണ്യങ്ങളും

99

ഇണക്കിക്കോത്തങ്ങു
മാലകഠം നിമ്മിക്കാം;
ഇവിടെ ഒന്നിച്ചിരിക്കാം.

100

എന്റെ തലയിലെ
ഒരിഴനൂലായ
സ്നേഹത്തിൻപൂക്കളെക്കോക്കാം

101

കാറിനാൽ കണ്ണത്തിൽ
നൃത്തം കളിക്കുന്ന
ശക്തമാം മുടിനാരായ

102

സ്നേഹത്തിൻ പ്രകഷ്ത്താൽ,
വിശ്വാസക്കണ്ണിനാൽ,
നാഥൻ സ്നേഹമൂറിവേറു

103

നാഥാ, തെറ്റിപ്പോയി
നീയെന്നെ സ്നേഹിച്ച-
തെന്റെ യോഗ്യതയാലല്ല

104

നിത്യമാം നിൻസ്നേഹം
എന്നെ നോക്കിയപ്പോൾ,
ഞാൻ മനോഹാരിണിയായി.

105

നാഥാ, നിൻ നോട്ടത്തിൽ
മാത്രമാണങ്ങനെ,
ഞാനൊരു സുന്ദരിയായി.

106

ധൈര്യപൂർവ്വം നിന്നെ
സ്നേഹിച്ചിടുന്നു ഞാൻ,
എന്നെയനുഗ്രഹിച്ചാലും.

107

പാരം കറുത്തവ-
ളെങ്കിലും സൌന്ദര്യം
എന്നിൽ നീ നിക്ഷേപിക്കുന്നു.

108

നീയാണെൻ ചിന്തയും,
നീയാണെൻ സ്നേഹവും,
നിന്നിൽഞാനെന്നും വസിക്കും

109

നമ്മുടെ തോട്ടത്തിൻ
നാശകാരികളാം
ആശകളാം കറുക്കന്മാർ

110

തോട്ടത്തെ വിട്ടുടൻ
പുറത്തു പൊകട്ടെ;
അവയെ ആട്ടിയോടിക്കാം

111

നാഥാ, നമുക്കിപ്പോൾ
പുണ്യപുഷ്പങ്ങളെ
മാലയായ് കോർത്തു രസിക്കാം

112

സുഷ്ടമാം സ്നേഹങ്ങ-
ളെന്നെതൊടാതങ്ങ്
മാറിയകന്നു നില്ക്കട്ടെ!

113

ആത്മവരം ച്ചയാം
ചൂടുകാറേറ, മാകൃ;
ശുദ്ധാത്മപിയേ, വരിക.

114

നമ്മുടെ തോട്ടത്തിൽ
പുണ്യമൊട്ടുകളെ
ഉണത്തി സൌരഭ്യം ചേർക്കു

115

നാഥൻ:
വത്സലേ നിനക്കു
തോട്ടത്തിലെപ്പോഴും
എന്റെമേൽചാഞ്ഞുശയിക്കാം.

116

എങ്കിലുമോക്കണം,
നിന്നെ ഞാൻ ആദത്തിൻ
തോട്ടത്തിൽസ്നേഹിച്ചുവെന്നു;

117

ആദം മൂലം നീയും
പാപത്തിൽ വീണപ്പോഠം,
എൻ ശത്രുവായി നീ തീർന്നു;

118

സൃഷ്ടങ്ങളൊക്കെയും
പെട്ടെന്നു നിന്നുടെ
ശിക്ഷാക്കരുക്കളായ്തീർന്നു;

119

എന്നെറയനുഗ്രഹ-
ത്തികവിനാലിന്നു
നീയെൻ മണവാട്ടിയായി.

120

സാത്താനേ, ലോകമേ,
ജഡികാശകളേ,
വത്സലയെ വിട്ടു മാറു

121

ആത്മാവു
അകന്നു പോകുവിൻ
ശത്രുസമൂഹമേ,
ഞാനെന്റെ നാഥനെ നേടി

122

നാഥൻ
പേടിച്ചിടേണ്ട നീ,
വത്സലേ നീയെന്നി-
ലാനന്ദം കൊള്ളുക മേലിൽ.

123

ആത്മാവു
നാഥാ. നമുക്കൊന്നി-
ച്ചുല്ലസിക്കാമിനി,
നിത്യവെളിച്ചം തരണേ.
ക്ലേശിതാ,എന്റെപരമാനന്ദമേ
എന്നു ഞാൻനിൻമുഖംകാണും?

അദ്ധ്യാത്മഗീതം ഞാൻ പാടിയതുപോലെ വിശുദ്ധന്റെ
ദൈവസ്നേഹാഗ്നിജ്വാലയും ഞാൻ പാടാം.

124

സ്നേഹമേ, പ്രോജ്ജ്വലമാം,
അഗ്നിയേ, നീതാനല്ലോ,
ലോലമാമെൻ ഹൃദയം
കത്തിയെരിയിക്കുന്നു.

125

സ്നേഹാഗ്നിപ്പൊള്ളലേറ്റ
എന്നാത്മം വെന്തുരുകി;
ആനന്ദമാനന്ദമേ!
ആനന്ദപൂർണ്ണതയേ!

126

എങ്കിലും സ്നേഹമേ, നീ
വേഗം നീക്കിക്കളയൂ;
എന്നെയലട്ടീടുന്ന
ചിലന്തി വലയേയും.

127

ഇന്നെന്നെ ചുറ്റീടുന്ന
കെട്ടുകളാകമാനം
നീക്കിക്കളയേണമെ;
വേഗമെൻ പ്രാണനാഥാ!

128

ആത്മാവേ, നിൻ കരളിൽ
തിങ്ങിപ്പിടഞ്ഞീടുന്ന
സ്നേഹാഗ്നിപ്പൊള്ളലെല്ലാം
പെട്ടെന്നു് മാഞ്ഞുകൊള്ളും

129

പ്രകാശപൂരിതനാം
നാഥാ, നിൻ വത്സലയ്ക്കായ്
നിത്യപ്രകാശ ദാനം
വേഗം പകർന്നീടണേ.

130

സൌമ്യതയോടേയെന്നോ
ടൈക്യപ്പെടുന്നതിനായ്
സ്വർഗ്ഗത്തിൻ വാതിൽ വേഗം
നാഥാ, തുറന്നീടണേ.

എന്റെ പ്രസംഗം ഞാനുപസംഹരിക്കുകയാണു്. ഈ പ്രസംഗം വഴി നിങ്ങളിൽ ഉത്തുതമായിട്ടുണ്ടെന്നു് ഞാൻ വിചാരിക്കുന്ന അനുഭൂതികളും നിങ്ങളിൽ വേരുന്നട്ടെ. നമുക്കെല്ലാവർക്കും വിശുദ്ധയോഹന്നാന്റെ പ്രബോധനങ്ങളും കൂടുതൽ കൂടുതൽ ആഴമായി പഠിക്കയും അനേകർ നമ്മുടെ വഴി അവ പഠിച്ചു് ദൈവൈക്യം നേടുകയും ചെയ്യട്ടെ

ഇനി ഗാനമായി വിശുദ്ധ യോഹന്നാനോടു് ഒരു പ്രാർത്ഥന ചെയ്തു് അവസാനിപ്പിക്കാം

131

കാമ്മൽ നാഥയുടെ വിനീ-
ത സുതരെ കാക്കുന്ന,
ക്രൂശിതന്റെ പ്രേമശിഷ്യാ,
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ
പീഡനങ്ങളേയും നിന്ദ —
നങ്ങളും നീ സ്നേഹിച്ചു.

132

ത്യാഗപൂർവ്വം യോഹന്നാനേ,
നീയൊരിക്കലിങ്ങനെ,
ദൈവ സ്നേഹത്താലെരിഞ്ഞു-
കൊണ്ടുദ്ഘീരണം ചെയ്തു:
ഈശനാഥാ, നിനക്കായ് ഞാൻ
നിന്ദിതനായ ത്തീരട്ടെ

1 3

നിന്ദാ പീഡനങ്ങളായ
ക്രൂരിതം രാത്രി വഴി,
ദൈവസ്നേഹാഗ്രം പ്രാപിച്ച
ക്രൂശിന്റെ യോഹന്നാനേ,
ഞങ്ങളും താഴ്ശ രാത്രി
സ്നേഹത്താൽക്കടക്കട്ടെ.

134

നിന്ദകളോ കൽത്തുറുങ്കോ,
സ്നേഹത്തെ ജയിച്ചില്ല;
ക്രൂരിതുളിൽദൈവസ്നേഹം
ദീപം പോൽ പ്രകാശിച്ചു.
കീർത്തനങ്ങൾ പാടിക്കൊണ്ടു,
ശോഭമാം രാത്രി ഞങ്ങൾ,

135

സ്നേഹവായ്പോടേ കടക്കും,
ക്രൂരിതനെ സ്തുതിക്കും;
ധീരസേനാനിയാം താതാ,
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

ആറുചെറുഗ്രന്ഥങ്ങൾ

സത്യാഗ്രഹം

1 മാനവൻ ജാതനാകുന്നു,
ആഹരിച്ച് വളരുന്നു
കാണുന്നു, കേൾക്കുന്നു, സദാ
സ്വതന്ത്രമായ് ചിന്തിക്കുന്നു.

2 പ്രസ്തുതാനുഭവങ്ങൾക്കു്
നിദാനമാം കഴിവുകൾ
അപ്രമാദങ്ങളാണെന്നു്
സംശയാതീതമാകുന്നു.

3 മേൽച്ചൊന്നകഴിവുകൾ
ഉചയോഗപ്പെടുത്തിയാൽ
ദൃശ്യലോകം വഴിയായി
അദൃശ്യ സത്യങ്ങൾ കാണാം

4 ലോകത്തിൽ ദൃശ്യമാകുന്ന
കാര്യകാരണ ബന്ധങ്ങൾ
കാരണാതീതനായൊരു
കാരണത്തെക്കാട്ടീടുന്നു.

5 അവൻ സൃഷ്ട ലോകത്തിൻെറ
ആദികാരണനാകുന്നു.
അവനെ ബുദ്ധി ജീവികൾ
ദൈവമെന്നു് വിളിക്കുന്നു.

6 ദൈവം നമ്മുടെ കർത്താവാം;
മനുഷ്യരെല്ലാമങ്ങയെ
ആരാധിക്കാൻ ബാദ്ധ്യസ്ഥന്മാർ
ദൈവാരാധന മതം.

7 മതാചാരം ചെയ്തീടാത്ത
മനുഷ്യർ പാപികളത്രെ;
മനുഷ്യപ്രകൃതി തന്നെ
ഈ സത്യം പ്രഖ്യാപിക്കുന്നു.

8 മനുഷ്യ ബുദ്ധിയെ വെല്ലും
പ്രകൃത്യതീത സത്യങ്ങളാം
ദിവ്യനാഥനിലുണ്ടെന്നു
ബുദ്ധികാണിച്ചീടുന്നു.

9 ദിവ്യ രഹസ്യങ്ങളായ
പ്രകൃത്യതീതസത്യങ്ങളാം
സ്നേഹപൂർവ്വം മാനവർക്കു
ദൈവം വെളിപ്പെടുത്തുന്നു.

10 ദൈവവെളിപാടുകളായ്
പരസ്പര വിരുദ്ധങ്ങളാം
പലതും വിശ്വസിക്കുന്നു.
എന്നു കാണാൻ കഴിയുന്നു.

11 അതു കാണാനിടയായാൽ
സത്യമാം വെളിപാടുകളെ
വിവേചിച്ചറിവാനായി
അദ്ധ്വാനിച്ചീടുക വേണം

12 സത്യ വെളിപാടുകളാൽ
യുക്തികേടോ, വഞ്ചനയോ,
ഉണ്ടായിരിക്കുകയില്ല;
സമാധാനം വിളങ്ങീടും
അദ്ധ്വാനിച്ചീടുകവേണം

13 അത്ഭുതം, പ്രവചനങ്ങളാം
അവയ്ക്കുറപ്പുനല്കീടും
അവപ്രസംഗിക്കുന്നവർ
സത്യനിഷ്ഠരായിരിക്കും.

14 പ്രത്യുതീത സത്യങ്ങൾ
പഠിപ്പിക്കും ഏകമതം
കത്തോലിക്കാ മതമെന്നേ
ഉൽഘോഷിക്കപ്പെട്ടീടുന്നുണ്ട്.

15 സത്യമതാനേഷികൾക്കേ
കത്തോലിക്കാമതം മാത്രം.
ദിവ്യ പ്രകാശം നല്കീടും
എന്നു സത്യം ദൃഢം ദൃഢം.

ഉയരുക

1 കണ്ണുകളുയർത്തുക, ആത്മാവേ, ഉയരുക;
ലോകം നിൻ പാടപീഠം, സ്വർഗ്ഗം നിൻപിതൃഗൃഹം.
കണ്ണുകളുയർത്തുക, ആത്മാവേ, ഉയരുക;
ലോകം വഞ്ചകമത്രേ; സ്വർഗ്ഗം നിൻപിതൃഗേഹം.

2 മനോഹരതയേറും ഉദ്യാനപുഷ്പങ്ങളേ,
നിങ്ങളെ നല്കീടുന്നോരാ ആനന്ദം പൂർണ്ണമല്ല;
ഇന്നു നിങ്ങളെ വിടർന്നു, നാളെയുണങ്ങിപ്പോകും,
എങ്കിലും നിങ്ങളാൽ ഞാൻ ദൈവത്തെ അറിയുന്നു.

3 നിത്യസൌന്ദര്യവാനാം ദൈവത്തിൻ പക്കലേയ്ക്കേ
ആത്മാവേ, ഉയരുക, ലോകം തൃജിച്ചീടുക
ആനന്ദപൂർണ്ണവാനും, ആനന്ദദായകനും,
ആയ ദൈവത്തിൻ നേർക്കേ ആത്മാവേ, ഉയരുക.

4 ദൈവത്തിലല്ലാതെങ്ങും ആനന്ദം ലഭ്യമല്ല;
എന്തെന്നാൽ സർവ്വനന്മ അങ്ങുമാത്രമാകുന്നു.
ദൈവത്തെക്കാട്ടിക്കൊണ്ടേ ലോകം മാറിപ്പോകുന്നു:
ദൈവമപ്പോലെത്തന്നെത്താൻ എന്നെ സ്വീകരിക്കുന്നു

5 ദൈവം നല്കീടുന്ന വിശ്വാസം ഫലിപ്പിക്കുമ്പോൾ,
ദൈവത്തോടൈക്യപ്പെടാം; സ്വർഗ്ഗാനന്ദത്തെനേടാം
ആത്മാവേ; ഉണരുക, ലോകംത്യജിച്ചീടുക;
സ്വർഗ്ഗത്തിൽ നിത്യാനന്ദം ഉറപ്പായ് പ്രത്യാശിക്ക.

6 ഉന്നതമലകളേ, ആകാശഗോളങ്ങളേ,
നിങ്ങളെ പ്രസംഗിക്കുന്ന ശക്തനാംദൈവത്തെഞാൻ
നിങ്ങളിൽ കൂടിക്കണ്ടു് ആനന്ദം കൊണ്ടീടുന്നു;
എന്നാത്മാ ഉണരുന്നു, ദൈവത്തെപ്പുകഴ്ത്തുന്നു.

7 വിസ്തീർണ്ണസമുദ്രമേ, നിന്റെ സൃഷ്ടാവിൻ ശക്തി
പുളകം കൊള്ളിക്കുന്നു, എന്റെ ആത്മശക്തിയെ.
ആത്മാവേ ഉണരുക, ദൈവത്തെ സ്തുതിക്കുക;
ദൈവസ്തുതികളിൽ നീ ആനന്ദം കൊണ്ടീടുക

8 പൊങ്ങിപ്പറന്നീടുന്ന പക്ഷി പറവകളേ,
നിങ്ങളെൻ ചിന്തകളെ, സ്വർഗ്ഗത്തേയ്ക്കുയർത്തുന്നു:
നിങ്ങൾക്കു് സ്രഷ്ടാവിനെ സ്നേഹിക്കാൻ കഴിവില്ല;
വിശ്വാസം നിങ്ങൾക്കുവേണ്ടിയുള്ള ദാനമല്ല

9 എങ്കിലും നിങ്ങളെന്റെ ബുദ്ധിയെ ഉണർത്തുന്നു;
ദൈവത്തിൽ വിശ്വസിക്കാൻ വഴികാട്ടിത്തരുന്നു.
ആത്മാവേ, വിശ്വസിക്ക, ദൈവത്തിൽ ആനന്ദിക്ക;
ദൈവം മാത്രമാകുന്നു മാനവന്റെയാനന്ദം.

10 സമൃദ്ധമാം വിളവു നല്കീടും പാടങ്ങളേ,
നിങ്ങളാലെന്നെ ദൈവം തീറാപ്പോറാടീടുന്നല്ലോ
ഇത്ര സ്നേഹവാനായ ദൈവത്തെ സ്തുതിക്കുവാൻ
നിങ്ങളെന്നോടുചേർന്നു് ആടിപ്പാടുവിനെന്നും.

11 ഈശോയേ, ഭൂമിയെന്റെ നിത്യവാസമല്ല.
ഭൂമിയിൽ പൂർണ്ണഭാഗ്യം ലഭിക്കുകയുമില്ല.
ദൈവത്തിൽ ഞങ്ങൾ നിത്യഭാഗ്യം നേടുവാനായി,
ദൈവപുത്രനായ നീ ലോകത്തിൽ ജാതനായി;

12 ജാതം ചെയ്തക്ഷണത്തിൽ നിന്നെ വാഴ്ത്തിപ്പുകഴ്ത്താൻ
നിന്റെ വാനവഗണം ഭൂവിങ്കൽ കാണപ്പെട്ടു:
"ഉന്നതങ്ങളിൽ ദൈവം വാഴ്ത്തപ്പെട്ടീടുന്നിതാ!
ഭൂമിയിൽ മാനവർക്ക് പ്രത്യാശ ഉളവായി"

13 ദൈവമേ, നിന്റെ സ്വർഗ്ഗീയമാം മന്ദിരങ്ങളിൽ
നിത്യം ഭാഗ്യപ്പെടുവാൻ ആർക്കെഗ്രഹം കിട്ടും?
അശുദ്ധി ചിന്തിക്കാതെ പ്രമാണം ലംഘിക്കാതെ
ഈശോ പഠിപ്പിച്ചപോൽ നീതി പ്രവർത്തിക്കുന്നോർ

14 ഇങ്ങിനെ ജീവിക്കുന്നോർ ദ്രോഹമാർക്കും ചെയ്യില്ല;
ദ്രോഹികളിൽനിന്നൊട്ടും പ്രേരണ കൈക്കൊള്ളില്ല;
ദുഷ്ടന്റെ കൂട്ടുകെട്ടിൽ ഒരിക്കലുമപ്പെടുകില്ല;
ദൈവസ്നേഹികളോടു എപ്പോഴും ചേർന്നിരിക്കും

15 കർത്താവിൻ ഭവനത്തിൽ സ്തോത്രമാലപിക്കുവാൻ,
അവരാഗ്രഹിക്കുമേ, കീർത്തനം പാടീടുമേ;
ആത്മശക്തികളേയും ദൃശ്യവസ്തുക്കളേയും,
ദൈവത്തെ സ്തുതിക്കുവാൻ അവരുപയോഗിക്കും

16 സ്വർഗ്ഗപ്രകാശം പൂണ്ട മാലാഖമാരെ നോക്കൂ
അവർ ദൈവസ്തുതികൾ പാടിയാനന്ദിക്കുന്നു;
സ്വർഗ്ഗകിരീടം നേടി ആനന്ദതുന്ദിലരായ്,
വാഴുന്ന ശുദ്ധന്മാരേ, നിങ്ങൾ ഭാഗ്യശാലികൾ

17 നിങ്ങളുടെ സ്വന്ത രക്തവും മാംസവുമായ
ഞങ്ങളുടെയാത്മീയ യുദ്ധം വിജയിക്കുവാൻ
നിങ്ങൾദൈവസന്നിധേപ്രാർത്ഥിപ്പിൻ സ്നേഹമോടേ
നിങ്ങളെയനുകരിക്കും ഞങ്ങൾ ധീരമായി

18 ആത്മാവേ ഉണരുക ലോകം ത്യജിച്ചീടുക;
ശുദ്ധന്മാരുടെ വഴി അനുകരിച്ചീടുക,
മർത്ത്യാവതാരം ചെയ്ത ഈശോയിൽ നിത്യാനന്ദം
നേടാമെന്നുള്ള സത്യം മാറാതമില്ലാത്തതത്രെ.

പുൽക്കൂട്ടിലെ ഉണ്ണി.

വാനവർപുകഴ്ത്തുന്നു, പുൽക്കൂട്ടിലൊരുണ്ണിയെ,
അത്ഭുതമത്ഭുതമെ, രാത്രിയെ ശോഭയാക്കി
ആട്ടിടയന്മാരാകെ ഞെട്ടിയുണർന്നീടുന്നു,
അത്ഭുതവിവശരായ് ചുറ്റുമേ നോക്കീടുന്നു.
കേൾക്കുന്നു സച്ഗ്ഗാനം: "ഉന്നതങ്ങളിൽ സ്തുതി,
ലോകത്തിൽ മാനവർക്കു് പ്രത്യാശസമാധാനം".
കേൾക്കുന്നു വീണ്ടും ഗാനം "ആട്ടിടയരേ പോവിൻ,
അക്കാണ്മൊം ഗ്രഹയിങ്കൽ രക്ഷകനെക്കണ്ടീടും".
ഇടയഗണമുടൻ ഗ്രഹയിൽ ഓടിയെത്തി,
പിള്ളക്കച്ചകൾചുറ്റി, രക്ഷകൻ കിടക്കുന്നു.
ഉണ്ണിയാം രക്ഷകനെ അറിഞ്ഞു വേഗമവർ;
ആരാധനകാഴ്ചകൾ അർപ്പണം ചെയ്തീടുന്നു.
തങ്ങളുടെ സന്തോഷം തങ്ങളിൽ ഒതുക്കാതെ,
കാണുന്നവരോടെല്ലാം രക്ഷയെ അറിയിച്ചു.
മാനവസോദരരേ, ആത്മനാ നമുക്കുമെ
ഉണ്ണിയാം രക്ഷകനെ എപ്പോഴും ധ്യാനിച്ചീടാം.
തൊഴുത്തിൽ വൈക്കോലിന്മേൽ പ്രകാശം വീശിക്കൊണ്ടു്
രക്ഷകനുണ്ണിയീശോ പള്ളികൊണ്ടീടുന്നല്ലൊ
എന്തിനാണെന്നോ? നമ്മെ ദൈവമക്കളാക്കാനും,
സ്നേഹത്താലങ്ങയോടു് ഐക്യപ്പെടുത്തീടാനും
ദൈവത്തോടൈക്യപ്പെട്ടു് ആനന്ദം കൊണ്ടീടുവാൻ
ആത്മശുദ്ധിയാവശ്യം, ഉണ്ണിയിൽ ശുദ്ധികാണാം
ശുദ്ധത പഠിപ്പിക്കാൻ, ശുദ്ധിയിൽ വളർത്തുവാൻ,
സ്രഷ്ടാവു ഉണ്ണിയായി പുൽക്കൂട്ടിൽ കിടക്കുന്നു!
ദൈവത്തോടൈക്യപ്പെട്ടു്, ആനന്ദംകൊണ്ടീടുവാൻ
ദൈവാശ്രയമാവശ്യം ഉണ്ണിയെ ആശ്രയിക്കാം
ദൈവത്തോടൈക്യപ്പെട്ടു്, ആനന്ദം കൊണ്ടീടുവാൻ
ദൈവസ്നേഹമാവശ്യം, സ്നേഹം വളർത്തീടേണം.

ദൈവത്തെ നാം സ്നേഹിക്കാൻ നമ്മെ ക്ഷണിച്ചുകൊണ്ട്
ദൈവമൊരുണ്ണിയായി പുല്ലിന്മേൽകിടക്കുന്നു.
പ്രകാശക്കണ്ണുകളാൽ ഉണ്ണി നമ്മെ നോക്കുന്നു;
സ്നേഹത്തെപ്പകരുന്നു, ആത്മത്തെ ഉണർത്തുന്നു.
വരുവീൻ സോദരരേ, പുൽക്കൂട്ടിലെത്തിനോക്കാം,
ദൈവസ്നേഹം നുകരാം, ആനന്ദോന്മത്തരാകാം

ഈശോയിൽ ഭാഗ്യം നേടുക

1 നിത്യതാതന്റെ നിത്യനാം സുതൻ
മർത്ത്യാവതാരം ചെയ്തപ്പോൾ
ദൈവ മാനുഷൻ മർത്ത്യദൃഷ്ടിയിൽ
ദൃശ്യനാകുവാൻ തുടങ്ങി

2 മർത്ത്യർ മദ്ധ്യേ വസിച്ചവനീശോ
മാത്രമാം സത്യമായിട്ട്,
ഭാഗ്യപൂർണ്ണനാമേക മാനുഷൻ
എന്ന സത്യം ധ്യാനാമൃതം

3 തന്നിൽ ഭാഗ്യവാന്മാരാകുവാനായ്
ദൈവം സൃഷ്ടിച്ച മാനവർ,
തങ്ങളുടെയാദിപിതാവായ
ആദം മൂലം നിർഭാഗ്യരായ്.

4 എങ്ങിനെയെന്നിപ്പോളുര ചെയ്യാം;
നമുക്കീ ജ്ഞാനം ആവശ്യം.
ആദിപിതാവിന്നാദമെന്നു പേർ;
അയാൾ തൻ ഭാര്യ ഹവ്വായും.

5 സർപ്പവേഷത്തിൽവന്നസാത്താന്റെ
പ്രേരണയാലെ ഹവ്വാമ്മ,
ദൈവാജ്ഞലംഘിച്ചൊരുവൃക്ഷത്തിൻ
ഫലം ഭക്ഷിച്ചു പാപിയായ്.

6 ആദംതൻ ഭാര്യയെപ്രീണിപ്പിക്കാൻ
അവാം നീട്ടിയ പഴത്തെ
വാങ്ങിഭക്ഷിച്ച പാപംചെയ്തപ്പോഠം,
നിർഭാഗ്യരായി മാനവർ.

7 മാനവരെ നിർഭാഗ്യത്തിൽ നിന്നു്,
രക്ഷിക്കാൻ കനിഞ്ഞ ദൈവം,
മത്ത്യാവതാരംചെയ്തഈശോയിൽ
മാനവരുടെ പ്രത്യക്ഷനായ്.

8 ആദത്തിൻ പുത്രനായിരുന്നീശോ;
എങ്കിലും ഭാഗ്യപൂർണ്ണനാം,
എന്തെന്നാൽ ദുഷ്ട പ്രാണനെയൊന്നും
സ്വീകരിക്കാതെ ജീവിച്ച.

9 ദുഷ്ടന്റെ വഴി വീക്ഷിക്കാതെയും,
സ്ഥാനമാനം തേടാതെയും,
ലോകാഡംബരം തള്ളിക്കളഞ്ഞും,
ദൈവപ്രസാദം കൈകൊണ്ടും,

10 ഭാഗ്യഹീനരായ് തീർന്ന മത്ത്യരേ,
ഭാഗ്യം നേടാനായ് ഭാഗ്യവാ –
നീശോയിൽനിങ്ങളാശ്രയിക്കുവിൻ
അങ്ങെയനുഗമിക്കുവിൻ.

11 രാവും പകലും ഈശോ തൻ പിതാ–
വിന്റെ പ്രമാണം ധ്യാനിച്ച
സങ്കടത്തിലും സന്താപത്തിലും
ധ്യാന ജീവിതം നയിച്ച.

12 പുത്രനെപ്പോലെ പിതാവിനോടെ
പ്രമാണമനുസരിച്ച,
ദാസനെ പ്പോലെ ഭയപ്പെട്ടല്ല,
പുത്രനെപ്പോലെ സ്നേഹത്താൽ.

13 ഭാഗ്യവാനാവനീശോയെപ്പോലെ
ദൈവപ്രമാണം ധ്യാനിക്ക,
അബ്രാഹംപണ്ട് വിശ്വാസത്തോടേ
ഈശോയെ നോക്കി ധ്യാനിച്ചു.

14 ഈ ധ്യാനത്താലേ മാനസംതന്നിൽ
ആനന്ദം വഴിഞ്ഞൊഴുകി
ശ്രേഷ്ഠന്മാരെല്ലാംഈശോയെപ്പോലെ
ദൈവപ്രമാണം ധ്യാനിച്ചു.

15 ധ്യാനത്തിലവർ നിത്യാനന്ദത്തെ
ആശിച്ചു ഭാഗ്യവന്മാരായ്;
ലോകം മറന്ന് സ്വർഗ്ഗത്തിലേയ്ക്ക്
ദൃഷ്ടികൾ സദാ തിരിച്ചു.

16 ഭാഗ്യവാനീശോ നീച്ചാലിങ്കലെ,
മുറ്റി വളരും വൃക്ഷം പോൽ
ശിഷ്ടഫലങ്ങൾ നിത്യം നല്കുന്നു:
ശിഷ്ടന്മാരെല്ലാമതുപോൽ,

17 ഈശോ മാനവക്കായി നേടിയ
ദൈവ കൃപാവരങ്ങളെ,
ഉത്സാഹപൂർവ്വം ഫലിപ്പിക്കുമ്പോൾ
ഭാഗ്യവാന്മാരായ്ത്തീരുന്നു.

18 താതനോടും ശ്രേഷ്ഠാത്മാവിയോടും
കൂടി ത്രിത്വൈക ദൈവമായ്,
വാഴുന്നീശോയിൽഭാഗ്യംനേടാനായ്
ത്രിത്വം നമ്മിൽ വസിക്കട്ടെ!

ലോകസമാധാനത്തിനു്

1 നാഥാ ദൈവമേ, ശാന്തിനല്കീടണെ
മാനവരങ്ങേ സൃഷ്ടികളല്ലൊ.

2 ഔദാര്യത്താൽ നീയവർക്കെകി
പരമാനന്ദംനുകരാൻ ശരനം

3 തനയന്മാരിവർ വാഴ്ത്തീടുന്നു.
നന്ദിയോടങ്ങേ സ്നേഹിക്കുന്നു.

4 നിന്നുടെ സുതനാമീശോയെ നീ
ഞങ്ങൾക്കായി ദാനം ചെയ്തു.

5 അവനുടെ മരണം പുനരുത്ഥാനം
എന്നീ ദിവ്യ രഹസ്യങ്ങളാൽ

6 മാനവരക്ഷ, സമാധാനം,
സ്നേഹവിശേഷം, ഇവയും നല്കീ

7 ദൈവമേ, നിന്നുടെ ശ്രുഷ്രൂഷി
പുണ്യാത്മക്കളെ ഉജ്ജ്വലരാക്കീ

8 വിദ്വേഷത്തെ സ്നേഹംകൊണ്ടും
ശത്രുതയെത്തെ ധാരണകൊണ്ടും

9 സ്വാർത്ഥത്തെ സഹകരണംകൊണ്ടും
തോല്പിച്ചുങ്ങിവർ വാണീടുന്നു.

10 നാഥാ, ഞങ്ങടെയാത്മാവുകളെ
കൂടുതൽ തട്ടിയുണർത്തീടണമെ;

11 അപ്പോൾ ഞങ്ങൾ സമാധാന
ദൂതന്മാരായ് വർത്തിച്ചീടും

12 നാഥാ, ഒക്കണെനിന്നുടെവത്സല-
തനയരനേകം അദ്ധ്വാനങ്ങൾ,

13 ക്ലേശം, മരണം, എന്നിവയെല്ലാം
ധീരതയോടെ ഏറ്റതിനാലേ

14 ജാതിസ്പർദ്ധ, ഭാഷാതർക്കം
എന്നിവ നീങ്ങി സമാധാനം

15 കൂടുതൽ കൂടുതൽ വിജയം നേടി
മാനവക്കാശ പകർന്നീടുന്നു.

16 നാഥാ സ്നേഹം വാഴും രാജ്യം
അതിവേഗത്തിൽ വന്നീടട്ടെ.

17 ദൈവമെ, ലോകം നിന്തിരുനാമം
ഏക സ്വരത്തിൽ വാഴ്ത്തീടട്ടെ.

ഐക്യവാര ഗാനം

1 കരുണാകരനീശോ നര—
ഗണത്തെ സ്നേഹിച്ചതിനാൽ
കരളലിഞ്ഞു രാപ്പകൽ ശ്രദ്ധ—
കണ്ണാനയിലിരിക്കുന്നു.

2 ഈശോ സ്ഥാപിച്ച ദൈവരാജ്യമാം
കത്തോലിക്കാ സമൂഹമേ,
ഈശോ നമ്മളോടാജ്ഞപിക്കുന്നു,
കാരുണ്യ പൂവ്വമിങ്ങനെ:—

3 "ഐക്യ വാരാനുഷ്ഠാനങ്ങളിന്നു"
ലോകമാകെ നടക്കുന്നു;

കാരുണ്യാർദ്രമാമെന്റെ ഹൃദയം
അനുഗ്രഹം ചൊരിയുന്നു


4 പ്രോട്ടസ്റ്റാൻറുകാർ ഓർത്തഡോക്സുകാർ,
മറ്റനേക മതസ്ഥരും
സന്മനസ്സുക്കളെങ്കിലും ദൈവ—
രാജ്യത്തെയറിഞ്ഞിട്ടില്ല

5 എൻ പ്രിയമക്കളേ, നിങ്ങളിവർക്കു
ദൈവരാജ്യത്തെക്കാട്ടുവിൻ
പ്രസംഗിക്കുവിൻ, പ്രാർത്ഥിച്ചീടുവിൻ,
ത്യാഗങ്ങളർപ്പിച്ചീടുവിൻ

6 സന്മനസ്സുക്കളെല്ലാവരേയും
ദൈവരാജ്യത്തിൽ ചേർക്കാം ഞാൻ;
ദൈവരാജ്യത്തിൽ മുറിനില്ക്കുന്ന
നന്മകളവർക്കു നല്കാം

7 എല്ലാവരുമെന്നിലൊന്നായിട്ടു,
പരിശുദ്ധമാം ത്രിത്വത്തെ
കത്തോലിക്കാസഭയിൽ ശുശ്രൂഷി—
ച്ചവസാനം സ്വർല്ലോകത്തിൽ,

8 പരിശുദ്ധൻ, പരിശുദ്ധൻ, പരി-
ശുദ്ധനെന്നെന്നും വാഴ്ത്തട്ടെ!"
കാരുണ്യവനാം സക്രാരി നാഥാ,
നിൻ ചിത്തം ഞങ്ങൾ ചെയ്യുമെ.



നേർവഴി

സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവം, തന്റെ ഛായയിൽ മനുഷ്യനെ സ്വതന്ത്രബുദ്ധിയുള്ള സൃഷ്ടിയായി നിർമ്മിച്ചു. ഓരോ മനുഷ്യനെയും ദൈവം നിത്യാനന്ദത്തിലേയ്ക്കു നയിക്കുന്നു.

അതിനാൽ ഞാൻ ദൈവത്തിൽ നിത്യാനന്ദം നേടിക്കഴിയുമ്പോൾ എന്റെ പരമലക്ഷ്യത്തിലെത്തി. ഇപ്പോൾ ഞാൻ ദിവ്യാനന്ദമാഗ്രഹിക്കുന്നു. ദൈവം എനിക്കു കൃപാവരങ്ങൾ തന്നുകൊണ്ടു, എന്നെ നയിച്ചു വരുന്നു. അവിടന്നു ദൃശ്യലോകത്തിൽ കൂടിയും, തന്റെ വെളിപാടുകളിൽകൂടിയും സ്വർഗ്ഗീയപ്രകാശം നല്കുന്നു. വിശ്വാസസത്യങ്ങളും, ദൈവപ്രമാണങ്ങളും, കൂദാശകളും, പ്രാർത്ഥനയും എന്നെ പ്രകാശിപ്പിക്കുന്നു.

ഈശോയിൽ കൂടിയാണു ഞാൻ നിത്യാനന്ദം നേടേണ്ടതു്. ഈശോ എന്നെ വിളിക്കുന്നു എന്റെ ജീവിതാന്തസ്സിനൊത്ത വിധത്തിൽ ഞാൻ ലക്ഷ്യത്തിലേയ്ക്കു നീങ്ങണം.

പരിശുദ്ധാത്മാവു എന്നെ സഹായിക്കുന്നു; എനിക്കു ദിഷ്ടാന്തം നല്കുന്നു. ശുദ്ധീകരിക്കപ്പെടുന്ന ആത്മാക്കളെ ഞാൻ സഹായിക്കണം. നിത്യാനന്ദം സിദ്ധിക്കായി അദ്ധ്വാനിക്കുന്ന എന്റെ അയൽക്കാരെ ഞാൻ സഹാ

യിക്കയും, അവരിൽ നിന്നും സഹായംനോട്ടകയും ചെയ്യണം.

ഒരു കാര്യം പ്രത്യേകമായി ഞാൻ ഓർക്കേണ്ടതുണ്ട്. അഹംഭാവവും, അസൂയയും, സുഖഭോഗേച്ഛയും മൂലം ഞാൻ ദൈവകൃപാവരങ്ങളെ വേണ്ടപോൽ ഫലിപ്പിക്കാതെ പലകുറവുകളും ദൈവത്തോടും അയൽക്കാരോടും എന്നോടുതന്നെയും ചെയ്തുപോയി. അതിനാൽ ഞാൻ അനുതാപജീവിതം കഴിക്കുകയും, അതോടൊപ്പം ദൈവജ്ഞാനത്തിലും, ജ്ഞാനത്തിനൊത്ത സ്നേഹത്തിലും വളരുകയുംവേണം.

ഞാൻ സ്വതന്ത്രമായി എന്റെ ജീവിതത്തെ ക്രമീകരിക്കണമെങ്കിലും, ദൈവചിത്തം മാത്രം നോക്കി ജീവിക്കണം.

നിത്യാനന്ദം ഞാൻ ഉറപ്പായി ശരണപ്പെടണം.

